# ത്രിയേകത്വം

## ചില നിർണ്ണായക വെളിപ്പെടുത്തലുകൾ

മുഹമ്മദ് ഈസാ

# ത്രീയേകത്വം

## ചില നിർണ്ണായക വെളിപ്പെടുത്തലുകൾ

**NICHE PUBLICATIONS**

P.B No: 832, Poothole, Thrissur - 4.

Malayalam | Study | Thriyekatwam Chila Nirnayaka Velippeduthalukal
ത്രീയേകത്വം: ചില നിർണ്ണായക വെളിപ്പെടുത്തലുകൾ
Author: Muhammad Eesa | First Edition: February 2016
Price: ₹. 35.00
Free Distribution only

Publishers | Distribution:
Niche Publications | P.B. No:832 | Poothole | Thrissur-4 | Kerala | India
www.nicheoftruth.org | Email: dawa@nicheoftruth.org
Cover: Niche Graphics | Layout: Safeer Rahman

**ഈ** ലോകത്തിനൊരു സ്രഷ്ടാവുണ്ട് – ജീവൻ നൽകി വായുവും വെള്ളവും സൗകര്യപ്പെടുത്തി ഭൂമിയെ ജീവിത യോഗ്യമാക്കിയ പരമകാരുണികനായ സ്രഷ്ടാവ് – നാം ഇവി ടെ എങ്ങനെ ജീവിക്കണമെന്നും ഈ ജീവിതത്തിന്റെ പരമലക്ഷ്യം എന്തെന്നും ദൂതന്മാർ മുഖേന സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതത്തിന്റെ കണക്ക് മരണശേഷം നാം സ്രഷ്ടാവിന്റെ മുമ്പിൽ ബോധിപ്പിക്കേണ്ടിവരും. അന്ന് പുണ്യം ചെയ്തവന് സ്വർഗവും പാപം ചെയ്തവന് നര കവും പ്രതിഫലം കിട്ടും. അതിനാൽ സ്രഷ്ടാവ് തന്റെ ദൂ തരിലൂടെ നൽകിയ നിർദേശമനുസരിച്ച് ജീവിക്കുകയാണ് മനുഷ്യന്റെ രക്ഷാമാർഗം.

നമ്മുടെ ലോക സ്രഷ്ടാവ് നൽകിയ നിർദേശ സംഹി തയാണ് ഖുർആൻ. മുഹമ്മദ് നബിﷺയിലൂടെ അവൻ ആ സന്ദേശം മനുഷ്യർക്കെത്തിച്ചുകൊടുത്തു. ഇതറിഞ്ഞവരും അറിയാത്തവരും നമുക്കിടയിൽ ഉണ്ട്. ലോകരെ മുഴുവൻ സ്രഷ്ടാവിന്റെ സന്ദേശമറിയിക്കൽ അതറിഞ്ഞവരുടെ ബാ ധ്യതയാണ്. അതിനായി രൂപീകൃതമായ ഒരു കൂട്ടായ്മയാണ് ***നിച്ച് ഓഫ് ട്രൂത്ത്.***

അല്ലാഹുവേ, നിന്റെ സത്യമത സന്ദേശ പ്രചരണ ത്തിനു വേണ്ടിയുള്ള ഈ എളിയ ശ്രമം ഞങ്ങളിൽ നിന്ന് സ്വീകരിക്കേണമേ, ദുർബലമായ ഞങ്ങളുടെ കരങ്ങൾക്ക് നീ ശക്തി പകരേണമേ.... (ആമീൻ).

### പരമകാരുണികനായ അല്ലാഹുവിന്റെ നാമത്തിൽ ...

**ജീ**വിതം മുഴുവൻ ഏകദൈവ വിശ്വാസത്തിൽ നില കൊള്ളണമെന്ന് ആഗ്രഹിക്കുന്നവരാണ് ക്രൈസ്തവ വിശ്വാസികൾ. ഏകദൈവ വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചുപോയാലുള്ള അപകടവും അവർക്ക് നന്നായി അറിയാം.

എന്നാൽ ദൈവവിശ്വാസ സങ്കൽപത്തിൽ മൂന്ന് ആളത്തമുള്ള ത്രിയേക ദൈവ വിശ്വാസമാണ് ക്രിസ്ത്യാനികൾ വെച്ചുപുലർത്തുന്നത്. സാധാരണക്കാരുടെ വിശ്വാസം ഇത് ഏകദൈവ സങ്കൽപമാണെന്നാണ്.

ത്രിയേക ദൈവ വിശ്വാസത്തിന്റെ യാഥാർഥ്യം പഠിച്ചു മനസ്സിലാക്കാൻ പലപ്പോഴും സാധാരണക്കാർക്ക് അവസരം ലഭിക്കാറില്ല. ദൈവശാസ്ത്ര പണ്ഡിതന്മാർ അവതരിപ്പിച്ച ത്രിയേക വിശ്വാസം സാധാരണക്കാരന് മനസ്സിലാകുന്ന രൂപത്തിൽ എന്നാൽ അവരുടെ ആശയങ്ങളിൽ മാറ്റംവരാതെ ലളിതമായി അവതരിപ്പിക്കുകയാണ് ഈ ലഘുകൃതിയിലൂടെ. അത് എത്രമാത്രം ഏകദൈവവിശ്വാസവുമായി പൊരുത്തപ്പെടുന്നുവെന്നത് വായനയിലൂടെ മനസ്സിലാക്കാവുന്നതാണ്.

അടിസ്ഥാന വിശ്വാസത്തെപറ്റി ചർച്ച ചെയ്യുന്ന ഈ പുസ്തകം സാധാരണക്കാരന് പോലും ലളിതമായി മനസ്സിലാക്കാൻ പര്യാപ്തമാണെന്നത് ഇതിന്റെ പ്രത്യേകതയാണ്. കലർപില്ലാത്ത ഏകദൈവ വിശ്വാസത്തിലൂടെ ജീ

വിതം നയിക്കാൻ നാഥൻ അനുഗ്രഹിക്കട്ടെ. (ആമീൻ).

സ്ഖലിതങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ചൂണ്ടിക്കാണിക്കണേ എന്ന അപേക്ഷിക്കുന്നു. ഈ കൃതിയുടെ പ്രസാധനം ഏറ്റെടുത്ത നിച്ച് പബ്ലിക്കേഷനോടുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. നാഥാ ഇതൊരു സൽകർമമായി സ്വീകരിക്കേണമേ. ഇതിനു പിന്നിൽ പ്രവർത്തിച്ചവരുണ്ട്, എല്ലാവരേയും നീ സ്വർഗം നൽകി അനുഗ്രഹിക്കേണമേ. (ആമീൻ).

**മുഹമ്മദ് ഈസ**
പെരുമ്പാവൂർ

## ഉള്ളടക്കം


| | | |
|---|---|---|
| 1 | ദൈവം ഒന്ന് മാത്രം | 13 |
| 2 | സാധാരണക്കാരുടെ ത്രീയേകത്വം | 19 |
| 3 | യഥാർത്ഥ ത്രീയേകത്വം | 27 |
| 4 | സാരാംശത്തിൽ പിതാവും പുത്രനും തുല്യരോ | 35 |
| 5 | ദൈവങ്ങളുടെ കൂട്ടായ്മ | 39 |
| 6 | പണ്ഡിതന്മാരുടെ പ്രവർത്തനങ്ങൾ | 47 |
| 7 | പരിശുദ്ധ ഖുർആനും ത്രീയേകത്വവും | 59 |

# 1

# ദൈവം ഒന്ന് മാത്രം

സ്രഷ്ടാവും പരിപാലകനുമായ ദൈവം ഒരുവനാണ്. അവനല്ലാതെ മറ്റൊരു ദൈവം ഇല്ല. ഇതായിരുന്നു മുഴുവൻ പ്രവാചകന്മാരുടെയും കാതലായ സന്ദേശം. മോശെ പ്രവാചകന് നൽകപ്പെട്ട ന്യായപ്രമാണത്തിലെ ഒന്നാമത്തെയും രണ്ടാമത്തെയും കൽപ്പനകൾ ശ്രദ്ധിക്കുക.

“ഞാനല്ലാതെ മറ്റൊരു ദൈവം നിങ്ങൾക്ക് ഉണ്ടാകരുത്. മീതെ ആകാശത്തിലോ, താഴെ ഭൂമിയിലോ, കീഴെ വെള്ളത്തിലോ യാതൊന്നിന്റെയും പ്രതിമ ഉണ്ടാക്കുകയോ അവയെ ആരാധിക്കുകയോ ചെയ്യരുത്”. (പുറ. 20:3,4)

ഈ മുഖ്യ കൽപ്പനയെ ലംഘിക്കുന്നവരെ എന്തു ചെയ്യണമെന്നും മോശെ പ്രവാചകന് നിയമം നൽകപ്പെട്ടിരുന്നു.

“നീയോ നിന്റെ പിതാക്കന്മാരോ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളെ നാം ചെന്നു സേവിക്ക എന്നു നിന്റെ അമ്മയുടെ മകനായ നിന്റെ സഹോദരനോ നിന്റെ മകനോ മകളോ നിന്റെ മാർവിടത്തിലുള്ള ഭാര്യയോ നിന്റെ പ്രാണ സ്നേഹിതനോ രഹസ്യമായി പറഞ്ഞു നിന്നെ വശീകരിപ്പാൻ നോക്കിയാൽ അവനോടു യോജിക്കയോ അവന്റെ വാക്കു കേൾക്കുകയോ ചെയ്യരുത്. അവനോടു

കനിവു തോന്നുകയോ അവനോടു ക്ഷമിച്ചു അവനെ ഒഴിപ്പിക്കയോ ചെയ്യാതെ അവനെ കൊന്നുകളയേണം. അവനെ കൊല്ലേണ്ടതിനു ആദ്യം നിന്റെ കയ്യും പിന്നെ സർവജനത്തിന്റെ കയ്യും അവന്റെമേൽ ചെല്ലേണം. അടിമവീടായ മിസ്രയീം ദേശത്തു നിന്നു നിന്നെ കൊണ്ടു വന്ന നിന്റെ ദൈവമായ യഹോവയോടു നിന്നെ അകറ്റിക്കളയാൻ അവൻ അന്വേഷിച്ചതുകൊണ്ടു അവനെ കല്ലെറിഞ്ഞു കൊല്ലേണം. ഇനി നിങ്ങളുടെ ഇടയിൽ ഈ അരുതാത്ത കാര്യ നടക്കാതിരിപ്പാൻ തക്കവണ്ണം യിസ്രായേലെല്ലാം കേട്ടു ഭയപ്പെടേണം". (ആവ. 13:6–11)

"നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളെ നാം ചെന്നു സേവിക്കേണമെന്നു പറയുന്ന നീചന്മാർ നിങ്ങളുടെ ഇടയിൽ നിന്നു പുറപ്പെട്ടു തങ്ങളുടെ പട്ടണത്തിലെ നിവാസികളെ വശീകരിച്ചിരിക്കുന്നു എന്നു നിന്റെ ദൈവമായ യഹോവ നിനക്കു പാർപ്പാൻ തന്നിട്ടുള്ള നിന്റെ പട്ടണങ്ങളിൽ ഒന്നിനെക്കുറിച്ചു കേട്ടാൽ നീ നല്ലവണ്ണം അന്വേഷണവും പരിശോധനയും വിസ്താരവും നിശ്ചയവും എങ്കിൽ നീ ആ പട്ടണത്തിലെ വാളിന്റെ വായ്ത്തലയാൽ കൊന്നു അതും അതിലുള്ളതു ഒക്കെയും അതിലെ മൃഗങ്ങളെയും വാളിന്റെ വായ്ത്തലയാൽ ശപഥാർപ്പിതമായി സംഹരിക്കേണം. അതിലെ കൊള്ളയൊക്കെയും വീഥിയുടെ നടുവിൽ കൂട്ടി പട്ടണവും അതിലെ കൊള്ളയൊക്കെയും അശേഷം നിന്റെ ദൈവമായ യഹോവെക്കായി തീയിട്ടു ചുട്ടുകളയേണം; അതു എന്നും പാഴ്കുന്നായിരിക്കേണം അതിനെ പിന്നെ പണികയുമരുത്. (ആവർത്തനം. 13:12–17)

പക്ഷേ, ഇവർക്ക് ദൈവം ഏകനാണ് എന്ന് പറഞ്ഞത് വേണ്ടവിധം മനസ്സിലായില്ല എന്നാണ് ഇപ്പോൾ ക്രൈസ്തവ പണ്ഡിതന്മാർ പറയുന്നത്. അങ്ങനെയെങ്കിൽ അറിവില്ലാത്ത വിഷയത്തിൽ വിധി കല്പിക്കാൻ യഹൂദരെ ദൈവം നിയമിച്ചത് ഭീമമായ അബദ്ധമാണെന്ന് കൂടിയാണ് ഇവർ പറയുന്നത്. യഹൂദരുടെ ഏകദൈവ വിശ്വാസും ക്രൈസ്തവരുടെ ത്രീയേക വിശ്വാസവും

തമ്മിലുള്ള അന്തരമാണ് ഇങ്ങനെയൊക്കെ പറയുവാൻ ക്രൈസ്തവ പണ്ഡിതരെ പ്രേരിപ്പിക്കുന്നതാണ് വാസ്തവം.

**ദൈവം ഒന്നേയുള്ളുവെന്ന് യേശുക്രിസ്തു**

ന്യായപ്രമാണത്തിൽ പാണ്ഡിത്യം നേടിയ നല്ലവനായ ഒരു യഹൂദനും യേശുക്രിസ്തുവും തമ്മിൽ നടത്തിയ സംഭാഷണം മാർക്കോസ് സുവിശേഷകൻ ഇങ്ങനെ രേഖപ്പെടുത്തുന്നു. പൊതുജനങ്ങളുമായി ചർച്ച ചെയ്യവേ യേശുക്രിസ്തു നൽകുന്ന മറുപടികൾ മതപരമായി ഉത്തമമാണെന്ന് വിലയിരുത്തിയ ഇദ്ദേഹം യേശുവിനോട് ചോദിച്ചു.

"എല്ലാറ്റിലും മുഖ്യമായ കൽപ്പന ഏത്?

അതിന് യേശു ഉത്തരം പറഞ്ഞു. "ഏറ്റവും പ്രധാനപ്പെട്ട കൽപ്പന ഇതാണ്. "അല്ലയോ, യിസ്രയേലേ, കേൾക്കുക, നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്; നിന്റെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ ശക്തിയോടെയും പൂർണ മനസ്സോടും സ്നേഹിക്കണം. രണ്ടാമത്തേത്, നിന്റെ അയൽക്കാരനെ നിന്നെ പോലെ തന്നെ സ്നേഹിക്കണം" എന്നതാണ്. ഇവയേക്കാൾ വലിയ കല്പന വേറെയില്ല".

അയാൾ യേശുവിനോട്: "ഗുരോ അങ്ങ് പറഞ്ഞത് ശരിതന്നെ; ദൈവം ഏകനെന്നും അവിടുന്നല്ലാതെ മറ്റാരുമില്ലെന്നും അങ്ങ് പറഞ്ഞത് ശരിതന്നെ".

യേശുക്രിസ്തുവിന്റെ അദ്ധ്യാപനം താനുൾപ്പെടുന്ന ദൈവത്തെ കുറിച്ചായിരുന്നെങ്കിൽ അദ്ദേഹം ഇങ്ങനെ പറയണമായിരുന്നു.

"യിസ്രയേലേ, കേൾക്കുക, നിങ്ങളുടെ ദൈവമായ ഞങ്ങൾ ഏക കർത്താവാകുന്നു".

എന്നാൽ ചോദ്യകർത്താവിന്റെയും തന്റെയും ദൈവം താനുൾപ്പെടാത്ത മറ്റൊരു ഏകനായ ദൈവമാണെന്ന് യാതൊരു അർഥശങ്കയ്ക്കും പഴുതില്ലാതെ യേശു വ്യക്തമാക്കി. ഇത് ഗ്രഹിച്ച വേദപണ്ഡിതൻ "ദൈവം ഏകനെന്നും അവിടുന്നല്ലാതെ മറ്റാരു

മില്ലെന്നും" ഉള്ള അങ്ങയുടെ മറുപടി ശരിയാണെന്നും യേശുവിന്റെ മുമ്പാകെ പറയുന്നു.

അയാൾ വിവേകപൂർവം മറുപടി പറഞ്ഞുവെന്ന് കണ്ടിട്ട് യേശു പറഞ്ഞു. "നീ ദൈവരാജ്യത്തിനോട് ഒട്ടും അകന്നവല്ല" (മർക്കോസ് 12:28:34).

വാസ്തവത്തിൽ യേശുക്രിസ്തുവിന്റെ ഈ ഉദ്ധരണി സ്വന്തം വകയല്ല, മറിച്ച് മോശെ പ്രവാചകൻ പഠിപ്പിച്ച കാര്യം (ആവർത്തനം 6:4,5, ലേവ്യ 19:18) അതേപോലെ ആവർത്തിക്കുക മാത്രമാണ് യേശു ചെയ്തത്. യേശുക്രിസ്തുവിന്റെ വാക്കുകളിൽ ദൈവദൂഷണം ആരോപിച്ചവർ "പിശാചിന്റെ മക്കൾ' എന്ന പ്രയോഗത്തിന് അർഹരായ യഹൂദർ മാത്രമാണ്.

"നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ ആകുന്നു. നിങ്ങളുടെ പിതാവിന്റെ ഇഷ്ടം നിറവേറ്റാൻ നിങ്ങൾ ഇച്ഛരിക്കുന്നു. അവൻ ആദിമുതലേ  കൊലപാതകൻ ആയിരുന്നു. അവനിൽ സത്യം ഇല്ലാത്തത് കൊണ്ട് അവൻ സത്യത്തിന്റെ ഭാഗത്ത് നിൽക്കുന്നുമില്ല. വ്യാജം പറയുമ്പോൾ അവൻ സ്വന്തം ഭാഷ സംസാരിക്കുന്നു. അവൻ വ്യാജം പറയുന്നവനും വ്യാജത്തിന്റെ അപ്പനും ആകുന്നു. എന്നാൽ ഞാൻ സത്യം പറയുന്നത് കൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല. നിങ്ങളിൽ ആർക്ക് എന്നിൽ പാപം ആരോപിക്കാൻ കഴിയും?  ഞാൻ സത്യം പറയുന്നുവെങ്കിൽ എന്നെ നിങ്ങൾ വിശ്വസിക്കാത്തത് എന്ത്? ദൈവത്തിൽ നിന്നുള്ളവൻ ദൈവത്തിന്റെ വാക്ക് കേൾക്കുന്നു. നിങ്ങൾ ദൈവത്തിൽ നിന്നുള്ളവർ അല്ലാത്തത് കൊണ്ടാണ് അവിടുത്തെ വാക്ക് കേൾക്കാത്തത്" (യോഹ. 8:44-47).

മോശയുടെ ന്യായപ്രമാണം അടിസ്ഥാനമാക്കി ജീവിക്കുന്ന യഹൂദൻമാരോടാണ് യേശു സധൈര്യം ഈ ചോദ്യം ഉന്നയിച്ചത്. നിങ്ങളിൽ ആർക്ക് എന്നിൽ പാപം ആരോപിക്കാൻ കഴിയും?

യേശുക്രിസ്തുവിന്റെ അദ്ധ്യാപനം ന്യായപ്രമാണത്തിലെ ഒന്നാം കൽപനക്ക് പോലും വിരുദ്ധമാണെന്ന് യഹൂദർ സത്യ

സന്ധമായി മനസ്സിലാക്കിയിരുന്നെങ്കിൽ അദ്ദേഹത്തിന് ഇങ്ങനെ ഒരു ചോദ്യം ഉന്നയിക്കുവാൻ സാധിക്കുമോ? ഒരിക്കലും ഇല്ല. എങ്കിൽ യേശുവിന് എതിരായി വ്യാജ ആരോപണം ഉന്നയിച്ചവർ ആരാണ്? എന്തായിരുന്നു ആ ആരോപണം?

യേശുക്രിസ്തു മനുഷ്യനായിരിക്കേ ദൈവത്തിനോട് സമനാണെന്ന് വാദിക്കുന്നു എന്നതാണ് അവരുടെ വ്യാജ ആരോപണം. എന്നിട്ട് ഇതിന്റെ പേരിൽ യേശുവിനെ വധിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. യേശു ഇങ്ങനെയുള്ളവരെ വിളിച്ചത് പിശാചിന്റെ മക്കൾ എന്നാണ്. കാരണം അവർ വ്യാജം പറയുമ്പോൾ സ്വന്തം ഭാഷ സംസാരിക്കുന്നു. അഥവ യേശു പഠിപ്പിക്കാത്ത കാര്യം പഠിപ്പിച്ചുവെന്ന് കള്ളം പറയുന്നു.

യേശുക്രിസ്തുവിന്റെ വാക്കുകളെ യഥാർഥ രീതിയിൽ ഉൾകൊണ്ട ശിഷ്യന്മാരെക്കുറിച്ച് അദ്ദേഹം പ്രശംസിച്ച് പറഞ്ഞത് 'സ്വർഗീയ മർമങ്ങൾ ഗ്രഹിക്കുവാനുള്ള വരം നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു' എന്നാണ്. ഇവർക്ക് സ്വർഗീയ രഹസ്യങ്ങൾ വെളിവാകുക വഴി മനസിലായ കാര്യവും പിശാചിന്റെ മക്കൾ പ്രചരിപ്പിച്ച ദുരാരോപണവും ഒന്നാണെന്ന് സൽബുദ്ധിയുള്ളവർ പറയുമോ? ദൈവനിയുക്തനായ മിശിഹയാണ് യേശുവെന്ന് വിശ്വസിക്കുന്ന ശിഷ്യന്മാരുടെ വാക്കുകൾ ശ്രദ്ധിച്ചാൽ ആരാണ് യേശുവെന്ന് വ്യക്തമാകും.

"അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, നമ്മുടെ പിതാക്കന്മാരുടെ ദൈവം തന്നെ അവിടുത്തെ പരിശുദ്ധ ദാസനായ യേശുവിനെ മഹത്വപ്പെടുത്തി" (അപ്പൊ. പ്രവൃ. 3:13).

"ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലതും സൃഷ്ടിച്ച നാഥാ, ജനതകൾ രോഷാകുലരായി തീരുന്നതും, വംശങ്ങൾ വ്യർഥ കാര്യങ്ങൾ നിരൂപിക്കുന്നതും എന്തിന്? കർത്താവിനും അവിടുത്തെ അഭിഷിക്തനും വിരോധമായി ഭൂമിയിലെ രാജാക്കന്മാർ അണിനിരക്കുകയും അധിപതികൾ ഒന്നിച്ച് കൂടുകയും ചെയ്തി

രിക്കുന്നു" എന്ന് അവിടുത്തെ ദാസനായ ദാവീദ് മുഖാന്തിരം അവിടുന്ന് പരിശുദ്ധാത്മാവിനാൽ അരുളി ചെയ്തിരിക്കുന്നു. അങ്ങ് അഭിഷേകം ചെയ്ത പരിശുദ്ധ ദാസനായ യേശുവിന് വിരുദ്ധമായി ഹേരോദാവും പൊന്തിയോസ് പീലാത്തോസും വിജാതിയരോടും ഇസ്രയേൽ ജനതയോടുമൊരുമിച്ച് ഈ നഗരത്തിൽ കൂടി, സംഭവിക്കേണം എന്ന് അവിടുത്തെ ഭുജ ബലവും ഇച്ഛയും മുൻ നിയമിച്ചതൊക്കെയും അവർ ചെയ്തിരിക്കുന്നു. ഇപ്പോൾ കർത്താവേ, അവരുടെ ഭീഷണികൾ നോക്കണമേ, അങ്ങയുടെ വചനം ധൈര്യത്തോടെ പ്രസംഗിക്കാൻ അവിടുത്തെ ദാസരെ ബലപ്പെടുത്തേണമേ. അവിടുത്തെ പരിശുദ്ധ ദാസനായ യേശുവിന്റെ നാമത്തിൽ സൗഖ്യം വരുത്തുവാനും അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കാനും അവിടുത്തെ കൈ നീട്ടേണമേ. (അപ്പൊ.പ്രവൃ. 4:24-30).

സ്വർഗീയ മർമങ്ങൾ ഗ്രഹിച്ചവർ ദൈവത്തിന്റെ ദാസനാണ് യേശുവെന്നും, പിശാചിന്റെ മക്കൾ യേശു ദൈവമാണെന്ന് വ്യാജ പ്രസ്താവന നടത്തിയെന്നും ഈ സന്ദർഭങ്ങൾ വ്യക്തമാക്കുന്നു. ഇതിൽ ഒരു ക്രിസ്തു സ്നേഹി ആരെയാണ് പിൻപറ്റുക? എന്നാൽ വിരോധാഭാസമെന്ന് പറയട്ടെ, യേശുവിന്റെ സമകാലികരായ പിശാചിന്റെ മക്കളുടെ വ്യാജവാദമാണ് യഥാർഥ വാദമെന്ന് വിശ്വസിച്ച് യേശു സ്വയം ദൈവത്വം വാദിച്ചുവെന്ന് പറയുകയാണ് ക്രൈസ്തവർ ചെയ്യുന്നത്. ഇതിന്റെ പരിണിത ഫലമെന്നത് ഏകദൈവ വിശ്വാസത്തിൽ നിന്നും ഒന്നിലധികം ദൈവങ്ങളുണ്ടെന്ന വിശ്വാസത്തിലേക്കുള്ള അധഃപതനമായിരുന്നു.

***

# 2

# സാധാരണക്കാരുടെ വികലമായ ത്രീയേകത്വം

**സ്വാ**തികരായ പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും കൊണ്ട് അനുഗ്രഹീതരായ യഹൂദ സമൂഹം ഏകദൈവത്തിലാണ് വിശ്വസിച്ചിരുന്നത്. ആ ഏകനായ ദൈവത്തിൽ ദൈവപുത്രനെന്നോ, പരിശുദ്ധാത്മാവെന്നോ ഉള്ള രണ്ട് ആളത്വങ്ങൾ ഉള്ളതായി അവർക്ക് അറിയുകയില്ല. മിശിഹയായി വരുന്നത് പുത്രദൈവമാണെന്ന് അവർ വിശ്വസിച്ചിരുന്നില്ല. അതേപോലെ, പരിശുദ്ധാത്മാവ് ദൈവത്തിൽ നിന്നുള്ള ദാനമാണെന്ന് മനസ്സിലാക്കിയിരുന്ന യഹൂദ സമൂഹം പക്ഷേ ഏകദൈവത്തിലുള്ള ആളത്വമായി അതിനെ കണ്ടിരുന്നില്ല. ചുരുക്കത്തിൽ ഏകദൈവമെന്നാൽ ഒരേയൊരു ആളത്വമുള്ള ഒരു ദൈവത്തെയാണ് യഹൂദന്മാർ വിശ്വസിച്ചിരുന്നത്. (One person, one diety)

ഈ ഏകദൈവ വിശ്വാസത്തിന് പിൽക്കാലത്ത് ക്രൈസ്തവർ തിരുത്തലുകൾ നടത്തി. ദൈവത്തിന് അക്ഷരാർഥത്തിൽ തന്നെ അനാദികാലത്ത് ഒരു പുത്ര ദൈവം ജനിച്ചുവെന്ന നൂതന വിശ്വാസം സൃഷ്ടിക്കപ്പെട്ടു. അതോടൊപ്പം, ഏക ദൈവത്തിന് പുറത്തായിരുന്ന പരിശുദ്ധാത്മാവിനെ ദൈവ സങ്കല്പത്തിലേക്ക് ഉയർത്തി. അങ്ങനെ പുതിയതായി ഉണ്ടായ രണ്ട് ദൈവങ്ങളെ യഹൂദൻമാരുടെ ഏകദൈവ വിശ്വാസത്തിന് ഉള്ളിൽ തിരുകി കയറ്റി. അങ്ങനെ ഒരു

ആളത്വമുള്ള ദൈവം എന്നതിനെ മൂന്ന് ആളത്വമുള്ള ദൈവം എന്നതിലേക്ക് വികസിപ്പിച്ചെടുത്തു. ഇതിന് ക്രൈസ്തവ പുരോഹിതൻമാരെ പ്രേരിപ്പിച്ച കാരണം അവർ തന്നെ പറയുന്നു.

“ഏകദൈവാരാധനയെ മുറുകെ പിടിച്ചിരിക്കുന്ന വിഭാഗമാണ് യഹൂദർ (ഏശ 44:6-8, 45:22, പുറപ്പാട് 20:2, നിയമാവർത്തനം 6:4-6) അതിനാൽ ആദിമ നൂറ്റാണ്ടിൽ യഹൂദ മതത്തിൽ നിന്നും ഉൽഭവിച്ച ക്രിസ്തുമതത്തിലും ഈ ഏകദൈവാരാധനയുടെ ശക്തമായ സ്വാധീനമുണ്ട്. (മത്താ. 22:37). അതുകൊണ്ടുതന്നെ ക്രിസ്തു ദൈവപുത്രനാണെന്നും ദൈവമാണെന്നും സ്ഥാപിക്കുക എന്നിവ അതീവ ദുർഘട സന്ധിയെയാണ് സഭാപിതാക്കന്മാർ അഭിമുഖീകരിച്ചത്. ക്രിസ്തു ദൈവമല്ലെന്നും ദൈവം തിരഞ്ഞെടുത്ത ഒരു വ്യക്തിയാണെന്നും വരികയാണെങ്കിൽ ക്രിസ്തുവിന്റെ ജീവിതത്തിലൂടെ നേടിയെടുത്ത രക്ഷ അർഥമില്ലാത്ത ഒന്നായിത്തീരും. കാരണം സൃഷ്ടി മറ്റൊരു സൃഷ്ടിയുടെ രക്ഷ സാധിതമാക്കുന്ന തെങ്ങനെ? വീണ്ടും ക്രിസ്തു ദൈവമാണെന്ന് സ്ഥാപിക്കാൻ ശ്രമിച്ചാൽ ഏകദൈവാരാധനയിൽ നിന്നുമുള്ള അകൽച്ചയായിരിക്കും ഫലം. അതുകൊണ്ട് ക്രിസ്തു ദൈവമാണെന്നും എങ്കിലും ദൈവവും ക്രിസ്തുവും രണ്ടല്ല ഏകദൈവസത്തയിലെ രണ്ട് വ്യക്തിപ്രഭാവങ്ങളാണെന്നും സ്ഥാപിക്കേണ്ട ആവശ്യകതയിൽ നിന്നുമാണ് സഭാപിതാക്കന്മാരുടെ പരിശുദ്ധ ത്രിത്വത്തെ ക്കുറിച്ചുള്ള ചിന്തകൾ ആരംഭിക്കുന്നത്”. (പരിശുദ്ധ ത്രിത്വം, പുറം 19-20)

ഏക ദൈവ വിശ്വാസമെന്ന് യഹൂദസമൂഹം മനസ്സിലാക്കിയിരുന്ന ദൈവ സങ്കല്പത്തിലേക്ക് രണ്ട് പുതിയ അംഗങ്ങളെ പ്രവേശിപ്പിച്ചെങ്കിലും ഏകദൈവ വിശ്വാസമാണ് ഇപ്പോഴും തങ്ങളുടേതെന്ന് അവകാശപ്പെടുകയുമാണ് ക്രൈസ്തവ നേതൃത്വം ചെയ്യുന്നത്. ത്രീകേയത്വത്തിലെ മൂന്ന് അംഗങ്ങൾ ഒരു ദൈവമാണോ മൂന്ന് ദൈവമാണോ അല്ലെങ്കിൽ ഇതിൽ പറയുന്ന ഏകത്വം എന്തിനെയാണ് സൂചിപ്പിക്കുന്നതെന്നോ സാധാരണക്കാരുടെ ഇടയിൽ വ്യക്തമാക്കുവാൻ ഒരിക്കലും ക്രൈസ്തവ നേതൃത്വം

തയ്യാറായില്ല. പകരം വളരെ വിദഗ്ധമായ ഒരു ചതിക്കുഴി അവർ മെനഞ്ഞെടുത്തു.

'വ്യക്തികൾ മൂന്നുണ്ടെങ്കിലും സാരാംശത്തിൽ ഒന്നാണ്' എന്ന് മാത്രമേ ഇവർ സാധാരണക്കാരോട് പറയുകയുള്ളു. സ്വാഭാവികമായും കേട്ടവർ ധരിച്ചത്, മൂന്ന് വ്യക്തികൾ എങ്ങനെയോ ഒരു ദൈവമായി തീർന്നു എന്നാണ്. സാധാരണക്കാരുടെ ഈ അജ്ഞത തിരിച്ചറിയണമെങ്കിൽ അവർ പറയുന്ന ഉപമകൾ ശ്രദ്ധിച്ചാൽ വ്യക്തമാകും.

## സാധാരണക്കാരന്റെ ഉപമകൾ

ത്രീകേയത്വത്തിലെ മൂന്ന് വ്യക്തികൾ ഒരു ദൈവമാണെന്ന് തെറ്റിദ്ധ രിച്ചവർ രണ്ട് രീതിയിലാണ് കാര്യങ്ങൾ മനസ്സിലാക്കുന്നത്.

a) ഒന്ന് -മൂന്ന് വ്യക്തികൾ ചേർന്ന് ഒരു ദൈവം,

b) രണ്ട് - ഒരു ദൈവം തന്നെ മൂന്ന് വ്യക്തി കളായി തീരുന്നു.

ഈ രണ്ട് ധാരണകളുടെ അടിസ്ഥാനത്തിൽ ഇവർ പറയുന്ന ചില ഉപമകൾ നമുക്കൊന്ന് പരിശോധിക്കാം.

a) **മൂന്ന് വ്യക്തികൾ ചേർന്ന് ഒരു ദൈവം എന്ന വിഭാഗം**

1) മുട്ട : മുട്ടയുടെ പുറംതോട്, വെള്ളഭാഗം, മഞ്ഞഭാഗം എന്നിങ്ങനെ മൂന്ന് കാര്യങ്ങൾ ഉണ്ടെങ്കിലും മുട്ട ഒന്നേയുള്ളൂ.

2) ആപ്പിൾ : പുറം തൊലി, മാംസം, കുരു എന്നിങ്ങനെ മൂന്ന് കാര്യങ്ങൾ. പക്ഷേ ആപ്പിൾ ഒന്നേയുള്ളൂ.

3) റബർകായ് : മൂന്ന് കുരു ഉണ്ടെങ്കിലും റബർകായ് ഒന്നേയുള്ളൂ.

4) മനുഷ്യൻ : ദേഹം, ദേഹി, ആത്മാവ് എന്നിങ്ങനെ മൂന്ന് ഘടകം ഉണ്ടെങ്കിലും മനുഷ്യൻ ഒന്നാണ്.

ഈ വിധമുള്ള ധാരാളം ഉദാഹരണങ്ങൾ ക്രൈസ്തവർ പറയാറുണ്ട്. ദൈവം ഒരുവനേ ഉള്ളൂ എന്ന സത്യത്തോടുള്ള ഇവരുടെ താൽപ്പര്യമാണ് ഈ ഉപമകളിലൂടെ വ്യക്തമാകുന്നത്. പക്ഷേ,

ഇവരുടെ ഉപമകൾ പോലെ ഒരു ദൈവത്തിന്റെ മൂന്ന് ഘടകങ്ങളല്ല ത്രീകേയതത്വത്തിലെ മൂന്ന്വ്യക്തികൾ. പിതാവ് എന്ന വ്യക്തി ഏകനായ ദൈവത്തിന്റെ മൂന്നിലൊന്ന് അല്ല, പുത്രൻ എന്നത് ഏകനായ ദൈവത്തിന്റെ മൂന്നിലൊന്ന് അല്ല, പരിശുദ്ധാത്മാവ് എന്നത് മറ്റൊരു മൂന്നിലൊന്നും അല്ല. പിന്നെയോ, ത്രീയേക വീക്ഷണത്തിൽ പിതാവ് പൂർണനായ ദൈവമാണ്. പുത്രൻ പിതാവിൽ നിന്ന് വ്യത്യസ്തനായ പൂർണ നായ ദൈവമാണ്. പരിശുദ്ധാത്മാവ് എന്നത് പിതാവോ, പുത്രനോ അല്ലാത്ത പൂർണനായ ദൈവമാണ്.

ഇതിന് സമാനമായി, ദേഹം മനുഷ്യനാണ്, ദേഹി മനുഷ്യനാണ്, ആത്മാവ് മനുഷ്യനാണ് എന്ന് ആരും പറയുകയില്ല. മുട്ടയുടെ പുറംതോട് പൂർണ മുട്ടയാ ണെന്നും വെള്ളഭാഗം മാത്രം പൂർണ മുട്ടയാണെന്നും മഞ്ഞഭാഗം മാത്രം മുട്ടയാ ണെന്നും ആരും പറയുകയില്ല. എന്നാൽ ത്രിയേകത്വത്തിലെ മൂന്ന് വ്യക്തികളും പൂർണ ദൈവമാണ്. ചുരുക്കത്തിൽ മൂന്ന് വ്യക്തികളെ ഒന്നാക്കാനുള്ള വ്യഗ്രതയിൽ ഉത്ഭവിച്ച ഉപമകൾക്ക് ത്രിയേകത്വമായി യാതൊരു സാമ്യതയുമില്ല.

**b) ഒരു വ്യക്തി തന്നെ മൂന്ന് രൂപത്തിൽ വരുന്നു എന്ന വിഭാഗക്കാരുടെ ഉപമകൾ.**

a) ഒരു മനുഷ്യന്റെ മൂന്ന് റോളുകൾ: ഒരു വ്യക്തി തന്നെ പിതാവായും, ഭർത്താവായും പാസ്റ്ററായും ജീവിക്കുന്നു.

b) വെള്ളത്തിന്റെ മൂന്ന് രൂപങ്ങൾ: ഒരേ വെള്ളം തന്നെ പ്രത്യേക താപനിലക്ക് അനുസൃതമായി വെള്ളം, ഐസ്, നീരാവി എന്നിവയായി മാറുന്നു.

ഈ ഉദാഹരണങ്ങൾ ശ്രദ്ധിച്ചാൽ ത്രീകേയതത്വത്തെ സംബന്ധിച്ചുള്ള ഇവരുടെ കാഴ്ചപ്പാട് വ്യക്തമാകും, ത്രീകേയതത്വത്തിലെ പിതാവ് എന്ന വ്യക്തി തന്നെ പിന്നീട് പുത്രനാകുകയും, തുടർന്ന് പരിശുദ്ധാത്മാവാകുകയും ചെയ്യുന്നുവെന്നാണ് ഇവരുടെ ധാരണ. ത്രീകേയതത്വത്തിന്റെ ബാലപാഠങ്ങൾ പോലും ഇവർക്ക് അജ്ഞാതമാണ് എന്ന വസ്തുതയാണ് ഇതിലൂടെ പുറത്തു വരുന്നത്. അനാ

ദികാലത്ത് പിതാവിൽ നിന്നും ഒരു പുത്രദൈവം ജനിച്ചുവെന്നും, ആ പുത്രദൈവമാണ് മറിയയുടെ മകനായി ഭൂമിയിൽ ജനിച്ചതെന്നും ഇവർക്ക് അറിഞ്ഞുകൂടാ. ഇവരുടെ സങ്കൽപ്പത്തിൽ മറിയ പ്രസവിച്ചതു മുതലാണ് ദൈവപുത്രത്വം ആരംഭിക്കുന്നത്. മാനുഷിക പിതാവില്ലാതെ ജനിച്ചതുകൊണ്ട് ദൈവപുത്രൻ എന്ന് വിളിക്കപ്പെടുന്നു. യഥാർഥത്തിൽ ദൈവപുത്രൻ എന്നത് പിതാവായ ദൈവം തന്നെ മനുഷ്യനായി വന്നതാണ്. ഇങ്ങനെ പോകുന്നു ഇവരുടെ ഊഹാപോഹം.

ഇവർ ഇങ്ങനെ അബദ്ധത്തിൽ ചാടുവാൻ മറ്റൊരു കാരണം കൂടിയുണ്ട്. ആത്മീയാർഥത്തിൽ യേശു പറഞ്ഞ വചനങ്ങളെ അക്ഷരാർഥത്തിൽ സമീപിച്ചു എന്നതാണ്. എന്നെ കണ്ടവൻ പിതാവിനെ കണ്ടുവെന്നും, (യോഹ. 14:9) ഞാനും പിതാവും ഒന്നാകുന്നുവെന്നും (യോഹ. 10:30) പിതാവ് എന്നിലും ഞാൻ പിതാവിലും ആകുന്നുവെന്നും (യോഹ. 14:14) ഞാൻ ഏകനല്ല എന്നെ അയച്ച പിതാവ് എന്റെ കൂടെ ഉണ്ടെന്നുമൊക്കെ (യോഹ. 8:29) പറഞ്ഞ വചനങ്ങളെ ബാഹ്യാർഥത്തിൽ വ്യാഖ്യാനിച്ചപ്പോൾ പിതാവും പുത്രനും ഒരാൾ തന്നെയെന്നാണ് ഇവർ ധരിച്ചത്.

അങ്ങനെ പുത്രൻ തന്നെയാണ് പിതാവെങ്കിൽ, പുത്രനെ തല്ലിയപ്പോൾ പിതാവിനും തല്ലു കിട്ടിയോ, പുത്രൻ ക്രൂശിക്കപ്പെട്ടപ്പോൾ പിതാവും ക്രൂശിക്കപ്പെട്ടോ, പുത്രൻ മരിച്ചപ്പോൾ പിതാവും മരിച്ചോ, പുത്രൻ കല്ലറയിൽ കിടന്നപ്പോൾ പിതാവും കല്ലറയിൽ ആയിരുന്നോയെന്ന് ചോദിച്ചാൽ ഇല്ല എന്ന് ഇവർക്ക് പറയേണ്ടി വരും

## സെബല്ലിയനിസം (Sabellianism)

സാധാരണ ക്രൈസ്തവരുടെ വാദം ശ്രദ്ധിച്ചാൽ അത് ത്രീകേയത്വമല്ല മറിച്ച് മൂന്നാം നൂറ്റാണ്ടിൽ ക്രൈസ്തവ പുരോഹിതന്മാർ ശപിച്ച് പുറത്താക്കിയ സെബല്ലിയനിസം എന്ന പാഷാണ്ഡതയാണെന്ന് ബോദ്ധ്യപ്പെടും. ഏഷ്യ മൈനറിലെ പ്രാക്സിയസ് (AD 200), സ്മുർന്നയിലെ നോയേട്ടസ് (AD 230) എന്നിവർ പ്രചരിപ്പിച്ച

ദൈവശാസ്ത്രത്തെ പിൽക്കാലത്ത് സബല്ലിയൂസ് എന്ന പണ്ഡിതൻ കൂടുതൽ വ്യക്തത നൽകി അവതരിപ്പിച്ചു.

"ഇവരുടെ പഠനപ്രകാരം ദൈവത്തിന് ഒരു സ്വഭാവവും വ്യക്തിത്വവുമേയുള്ളൂ. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന് പറയുന്നത് മൂന്ന് വ്യക്തികളല്ല, ദൈവത്തിന്റെ മൂന്ന് പേരുകൾ മാത്രമാണ്. പിതാവ് തന്നെയാണ് മറിയത്തിൽ നിന്ന് ജനിച്ച് മനുഷ്യസ്വഭാവത്തോടെ പുത്രനെന്ന പേരിൽ പ്രസംഗിച്ചു നടന്നതും, പീഢനങ്ങൾ സഹിച്ച് മരിച്ചതും. അതുകൊണ്ട് അക്കാലത്തെ സത്യക്രിസ്ത്യാനികൾ ഇക്കൂട്ടരെ വിളിച്ചിരുന്നത് പാട്രിപാസിയൻ (Patripassians), അതായത് പിതാവ് ക്രൂശിൽ തൂങ്ങി മരിച്ചു എന്ന് പറയുന്നവർ എന്നാണ്". (പരിശുദ്ധത്രിത്വം പുറം : 42)

സെബല്ലിയനിസം എന്ന പാഷാണ്ഡതയെ AD 268 ൽ അന്ത്യോക്യയിൽ സമ്മേളിച്ച കൗൺസിലിൽ വെച്ച് ക്രിസ്തു സഭ ശപിച്ച് പുറത്താക്കി. ഇത് കാത്തോലിക്കരുടെ ഗ്രന്ഥങ്ങളിൽ മാത്രമല്ല, പ്രൊട്ടസ്റ്റൻറ്റുകാരുടെ ഗ്രന്ഥങ്ങളിലും വിശദീകരിച്ചിട്ടുണ്ട്. (വ്യവസ്ഥിത ദൈവശാസ്ത്രം G. Suseelan പുറം 164, ദൈവശാസ്ത്രം, എം.വി. ചാക്കോ, പുറം 157)

ഇനി എന്റെ സാധാരണക്കാരായ ക്രൈസ്തവ സുഹൃത്തുക്കൾ ഒന്ന് പറയൂ. പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരു ദൈവത്തിന്റെ വിവിധ റോളുകളാണെന്ന വാദം മേൽപറയപ്പെട്ട സെബല്ലിയനിസം എന്ന ദുരുപദേശമല്ലേ? ഈ പാഷാണ്ഡതയെ ക്രിസ്തുസഭ ശപിച്ച് പുറത്താക്കി യതല്ലേ? അപ്പോൾ നിങ്ങൾ പറയും പോലെ, പിതാവും പുത്രനും ഒരു ദൈവമാണെന്ന വാദം ക്രിസ്തുമത്തിനു പോലും സ്വീകാര്യമല്ല എന്ന് വ്യക്തം. ഇനിയും ആവശ്യമുണ്ടോ തെളിവുകൾ, നമുക്ക് ചില ക്രൈസ്തവ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങൾ കൂടി പരിശോധിക്കാം.

"മറ്റു ചിലർ പിതാവ് തന്നെയാണു പുത്രനെന്നും, ആ പുത്രൻ തന്നെയാണ് പരിശുദ്ധാത്മാവെന്നും മറ്റും പഠിപ്പിച്ചു. അങ്ങനെ പലവിധ വചന വിരുദ്ധമായ ദുർവ്യാഖ്യാനങ്ങളും കഠിന

മായ ദുരുപദേശങ്ങളും രൂപം പ്രാപിച്ചു".

*(M.M.Zacharia, റെജി ഈട്ടിമൂട്ടിൽ എഴുതിയ പുത്രൻ പിതാവിന് സാമ്യനോ, സമനോ എന്ന പുസ്തകത്തിന്റെ അവതാരികയിൽ), ക്രൈസ്തവ - ബ്രദറൺ വിഭാഗത്തിലെ പ്രമുഖരായ ഒ.എം.സാമുവേൽ, സി.വി.വടവന, പി.എസ്.തമ്പാൻ തുടങ്ങിയ പ്രഗത്ഭർ ഉൾപ്പെടെ ഈ പുസ്തകത്തെ പിന്താങ്ങുന്നുണ്ട്.*

"പുത്രൻ ദൈവമാണ് മനുഷ്യാവതാരമെടുത്തത്, പിതാവ് എന്ന ദൈവമോ, പരിശുദ്ധാത്മാവ് എന്ന ദൈവമോ അല്ല. അതുകൊണ്ട് പിതാവേ, നന്ദി , നീ കുരിശിൽ മരിച്ചുവല്ലോ എന്ന് പ്രാർഥിക്കരുത്. പിതാവ് കുരിശിൽ മരിച്ചില്ല. അത് പുത്രനായ ദൈവമാണ്". *(Trinity: A Brief study, Sakshi, Apologetic)*

"ക്രിസ്തു ദൈവമാണെങ്കിൽ അവൻ ക്രൂശിൽ മരിച്ചപ്പോൾ ഈ പ്രപഞ്ചത്തെ നിയന്ത്രിച്ചത് ആരാണ്? മൂന്ന് വ്യക്തികളും ഒന്നാണെങ്കിൽ എല്ലാവരും മരിച്ചല്ലോ?

ക്രിസ്തു ക്രൂശിൽ മരിക്കുവാൻ വേണ്ടിയാണ് മനുഷ്യാവതാരം എടുത്തത്. ക്രിസ്തു ക്രൂശിൽ മരിക്കുമ്പോൾ പിതാവായ ദൈവം സ്വർഗത്തിൽ ഉണ്ട്. പരിശുദ്ധാത്മാവും ദൈവവും ആളത്വപരമായി സ്വർഗത്തിൽ ഉണ്ട്. ക്രിസ്തു മരിക്കുകയല്ല ചെയ്തത്. തന്റെ ജീവനെ മരണത്തിന് വിധേയപ്പെടുത്തി തന്റെ ജീവനെ (പ്രാണനെ) പിതാവിന്റെ കൈകളിൽ ഭരമേല്പിക്കുന്നു. ആ സമയം പ്രപഞ്ചത്തിന്റെ നിയന്ത്രണം തകരാറിലാകേണ്ട കാര്യമില്ല. മൂന്നു വ്യക്തികളും ഒന്നാകുന്നുയെന്ന് പറഞ്ഞിരിക്കുന്നത് ആളത്വത്തിൽ ഒന്നാകുന്നുയെന്നല്ല, ദൈവത്വത്തിലുള്ള സാരാംശത്തിൽ ഒന്നാകുന്നു എന്നാണ് അർഥം". *(ത്രീയേകദൈവം S.G.Gilbert 226)*

ചുരുക്കത്തിൽ ക്രൈസ്തവരിലെ ബഹുഭൂരിപക്ഷം കരുതുന്നത് പോലെ പിതാവ് എന്ന ദൈവവും പുത്രൻ എന്ന ദൈവവും പരിശുദ്ധാത്മാവ് എന്ന ദൈവവും ഏകനായ ഒരു ദൈവത്തിന്റെ വ്യത്യസ്ത ഭാവങ്ങളോ രൂപങ്ങളോ അല്ലേയല്ല, മാത്രമല്ല ഇങ്ങ

നെയുള്ളവർ ദുരുപദേശത്തിലാണ് വിശ്വസിക്കുന്നതെന്നും ഈ ആശയത്തെ AD 268 ൽ തന്നെ ക്രിസ്തുസഭ ശപിച്ചു പുറത്താക്കിയിരുന്നവെന്നും ദയവായി ഉൾക്കൊള്ളണം.


***

# 3

# യഥാർഥ ത്രീയേകത്വം

**ദൈ**വം ത്രീയേകനാണ് എന്ന് ക്രൈസ്തവർ പറയുമെങ്കിലും അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് എന്താണെന്ന് അവരിൽ ബഹുഭൂരിപക്ഷം പേർക്കും അറിയില്ല എന്നതാണ് വാസ്തവം. ക്രൈസ്തവ കുടുംബത്തിൽ ജനിച്ച് വളരുന്ന ഒരു വ്യക്തിക്ക് സൺഡേ സ്കൂളിൽ നിന്നോ പള്ളിയിൽ നിന്നോ ത്രീയേകത്വം എന്താണെന്നുള്ള പഠനം ലഭിക്കാറില്ല. അതുപോലെ, ഒരു അക്രൈസ്തവനായ വ്യക്തിയെ ക്രിസ്തുമതത്തിലേക്ക് ക്ഷണിക്കുന്ന അവസരത്തിൽ ഒരിക്കൽ പോലും ഈ സങ്കീർണ വിഷയം ചർച്ച ചെയ്യപ്പെടാറുമില്ല.

അതുകൊണ്ട് നമുക്ക് പഠിക്കാം. യഥാർഥ ത്രീയേകത്വത്തെ കുറിച്ച്.



"ദൈവിക ആളത്തങ്ങൾ വിഭിന്നങ്ങളാണെന്ന് പറയുമ്പോൾ പിതാവു പുത്രനോ പരിശുദ്ധാത്മാവോ അല്ലെന്നും പുത്രൻ പിതാവോ പരിശുദ്ധാത്മാവോ അല്ലെന്നും പരിശുദ്ധാത്മാവ് പുത്രനോ പിതാവോ അല്ലെന്നും വ്യക്തമാക്കുന്നു". *(വ്യവസ്ഥിത ദൈവശാസ്ത്രം, ജി. സുശീലൻ, പുറം 152)* ഈ പറഞ്ഞതിൽ ആർക്കും ഒരു ആശയക്കുഴപ്പമില്ല. പക്ഷേ ഇവർ സാരാംശത്തിൽ ഒന്നാണ് എന്ന ഭാഗമാണ് അവ്യക്തമായിട്ടുള്ളത്. അതുകൊണ്ട് ആദ്യമായി സാരാംശം എന്നാൽ എന്താണെന്നും ശേഷം സാരാംശത്തിൽ ഒന്ന് എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്നും  നമുക്ക് പരിശോധിക്കാം.

**സാരാംശം**

ത്രീയേകത്വം ചർച്ച ചെയ്യുമ്പോൾ സാരാംശം, സത്ത, Nature, Essence എന്നൊക്കെ പറയുന്ന ഈ വാക്കിന്റെ അർഥം എന്താണ്? ക്രൈസ്തവ പണ്ഡിതന്മാരുടെ വിശദീകരണം നമുക്ക് നോക്കാം.

"സാരാംശമെന്നാൽ ഒരു വസ്തുവിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ട സ്വഭാവം അല്ലെങ്കിൽ ഗുണമാണ്. മാത്രമല്ല, ഈ സ്വഭാവം ഒന്നിന് ഇല്ലെങ്കിൽ അതിനെ ആ വസ്തു എന്ന് പറയാൻ കഴിയില്ല". *(A Brief introduction to trinity, Sakshi website)*

തുടർന്ന് ഇതിന് ചില ഉദാഹരണങ്ങൾ ഇവർ പറയുന്നുണ്ട്. ഉപ്പിനെ ഉപ്പ് എന്ന് വിളിക്കുന്നത് ഉപ്പുരസം ഉള്ളത് കൊണ്ടാണ്. മനുഷ്യനെ മനുഷ്യൻ എന്ന് പറയുന്നത് മനുഷ്യത്വം ഉള്ളത് കൊണ്ടാണ്. അതുപോലെ ദൈവത്തിനെ ദൈവം എന്ന് പറയുന്നത് ദൈവത്വം ഉള്ളത് കൊണ്ടാണ്.

ഇസ്‌ലാമിക സാങ്കേതിക അർഥത്തിൽ സ്വിഫാത്ത് അഥവാ ഗുണവിശേഷണങ്ങൾ  എന്ന പ്രയോഗത്തിന്റെ അതേ അർഥമാണ് സാരാംശം എന്നത് കൊണ്ട് ക്രൈസ്തവർ വിവക്ഷിക്കുന്നത്.

"ദൈവത്തിന് മാത്രം ഉള്ളതും ലോകത്തിൽ മറ്റാർക്കും തന്നെ അവകാശപ്പെടാൻ കഴിയാത്തതുമായ പല സ്വഭാവ സവിശേഷതകൾ ഉണ്ട്. അവയെയാണ് ദൈവിക ഗുണലക്ഷണങ്ങൾ (സാരാംശം) എന്ന് വിവക്ഷിക്കുന്നത്". (ദൈവം ത്രീയേകൻ,

S.G.Gilbert പുറം 39)

ദൈവത്തിന്റെ സാരാംശം അഥവാ സ്വിഫത്ത് എന്തൊക്കെയാണെന്ന് ക്രൈസ്തവ പണ്ഡിതർ പറയുന്നത് ഇങ്ങനെയാണ്.

a) ദൈവം നിത്യനാണ് (Eternal) - എന്നും ഉള്ളവനാണ്.

b) സർവജ്ഞനാണ് (omniscient) - എല്ലാം അറിയുന്നു. അറിയാത്തതായി ഒന്നും ഇല്ല.

c) സർവശക്തനാണ് (omnipotent) - ഏത് കാര്യത്തിനും കഴിവുള്ളവനാണ്).

d) സർവവ്യാപിയാണ് (omnipresent) - ദൈവത്തിന്റെ സർവവ്യാപകത്വം എന്നത് കൊണ്ട് ക്രൈസ്തവർ ഉദ്ദേശിക്കുന്നത് ഹൈന്ദവ വിശ്വാസത്തെ പോലെ ദൈവം തൂണിലും തുരുമ്പിലും ഉണ്ടെന്നല്ല മറിച്ച്, ദൈവത്തിൽ നിന്നും മറഞ്ഞിരിക്കാൻ ഒരു സൃഷ്ടിക്കും കഴിയുകയില്ല എന്നർഥത്തിലാണ്. ഭൂമിയിലോ, സമുദ്രത്തിലോ, പാതാളത്തിലോ അവനെ കാണാതെ ഒളിച്ചിരിക്കാൻ ആർക്കും സാദ്ധ്യമല്ല. *(ദൈവം ത്രീകേയൻ, S.G.Gilbert, പുറം 50-51)*

ചുരുക്കത്തിൽ സാരാംശം അഥവാ സത്തയെന്നാൽ ദൈവീക ഗുണങ്ങളുടെ ആകെ തുകയെന്നാണ് അർഥം.

അപ്പോൾ വ്യക്തികൾ മൂന്നാണ് പക്ഷേ സാരാംശത്തിൽ ഒന്നാണ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്? ഇതിന്റെ യഥാർഥ അർഥമെന്നത് മൂന്ന് വ്യക്തികൾ ഒന്നായി തീർന്നു എന്നല്ല. മറിച്ച് മൂന്ന് വ്യക്തികളായി നിലനിൽക്കുമ്പോഴും അവർ ഓരോരുത്തരുടേയും ദൈവീക ഗുണം ഒന്നു തന്നെയാണ് എന്ന് മാത്രമാണ്.

"സമസ്ത ദൈവ ലക്ഷണങ്ങൾക്കും ഒരുമിച്ചുപയോഗിക്കുന്ന രൂപകമാണ് സാരാംശം. ആളത്തത്തിലെ ഓരോരുത്തർക്കും സമ്പൂർണമായ സാരാംശമുണ്ട്. മൂന്നുപേരും അതു സമ്പൂർണമായി ഉൾക്കൊള്ളുന്നു. സർവവ്യാപകത്വം ഒന്നു മാത്രമാണ്.

പിതാവ് സർവവ്യാപിയാണ്; പുത്രൻ സർവവ്യാപിയാണ്; പരിശുദ്ധാത്മാവ് സർവ വ്യാപിയാണ്; ഒരേയൊരു സർവ വ്യാപകത്വമാണ് പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഉള്ളത്. പിതാവ് സർവശക്തനാണ്; പുത്രനും സർവശക്തനാണ്; പരിശുദ്ധാത്മാവും സർവശക്തനാണ്;. മൂന്ന് ആളത്തങ്ങൾക്കും ഉള്ളത് ഒരേയൊരു സർവശക്തിയാണ്. സർവശക്തി മൂന്നു പേർക്കും പ്രത്യേകം വിഭജിക്കപ്പെടുകയാണെങ്കിൽ മൂന്നു പേരും മൂന്നു ദൈവങ്ങളായി മാറും. മാത്രവുമല്ല, സർവശക്തി സർവശക്തി അല്ലാതായിതീരും. സർവശക്തി ഒന്നേയുള്ളു; അത് സമ്പൂർണമാണ്; പിതാവിനു അതിന്റെ സമ്പൂർണത യിൽ ഉണ്ട്. അതേ സമ്പൂർണമായ സർവശക്തി അതേ കാ ലത്തിലും വിധത്തിലും പുത്രുനും പരിശുദ്ധാത്മാവിനും ഉണ്ട്. എല്ലാ ദൈവികഗുണങ്ങളെ സംബന്ധിച്ചും ഇതു സത്യമത്രേ. സകല ദൈവിക ഗുണങ്ങളുടെയും ആകത്തുകയാണ് സാരം ശം അഥവാ ഊസിയ. ദൈവികഗുണങ്ങളെല്ലാം അഭാജ്യ മാണ്. അതായത് വിഭജിക്കപ്പെടാവുന്നതല്ല. തന്മൂലം ദൈവിക ഗുണങ്ങളുടെ എല്ലാം ആകത്തുകയായ സാരാംശവും ഒന്നു മാത്രമാണ്. അതുകൊണ്ട് ത്രിയേകത്വോപ ദേശമനുസരിച്ച് ഏക ദൈവമേ ഉള്ളു". *(വ്യവസ്ഥിത ദൈവശാസ്ത്രം, ജി. സുശീലൻ, പുറം 154)*

അതായത്, പിതാവ് എന്ന ദൈവം ഏത് വിധമാണോ, സർവശക്തനും, നിത്യനും സർവജ്ഞാനിയും സർവവ്യാപിയും ആകുന്നത് അതേപോലെ തന്നെ പുത്രൻ എന്ന ദൈവവും പരിശുദ്ധാത്മാവ് എന്ന ദൈവവും ഇതേ വിധമുള്ള ഗുണങ്ങളെല്ലാം ഒരു കുറവോ കൂടുതലോ ഇല്ലാതെ തുല്യരാണ്. അതിനെയാണ് സാരാംശത്തിൽ ഒന്ന് എന്ന് പറയുക. ഇവിടെയെങ്ങും മൂന്ന് വ്യക്തികൾ ലോപിച്ച് ഒന്നാകുന്നതായി ഒരു ക്രൈസ്തവ പണ്ഡി തനും സമർഥിക്കുന്നില്ല. അപ്പോൾ ക്രൈസ്തവരെ സംബന്ധിച്ചി ടത്തോളം മൂന്ന് സർവശക്തരും മൂന്ന് സർവജ്ഞാനികളും മൂന്ന് സർവ വ്യാപികളും മൂന്ന് നിത്യരും ഉണ്ട്.

**അങ്ങനെയെങ്കിൽ ത്രീയേകത്വത്തിൽ ഒരു ദൈവമാണോ, മൂന്ന് ദൈവങ്ങളാണോ ഉള്ളത് എന്ന് ചിന്തിക്കുക. പിതാവ് എന്ന വ്യക്തിക്ക് ദൈവത്തിന്റെ പൂർണമായ ഗുണവിശേഷണങ്ങൾ ഉണ്ട്. പുത്രൻ ദൈവത്തിനും ഉണ്ട്. പരിശുദ്ധാത്മാവ് ദൈവത്തിന് ഉണ്ട്. എന്നാൽ പിതാവ് പുത്രനല്ല, പുത്രൻ പരിശുദ്ധാത്മാവ് അല്ല, പരിശുദ്ധാത്മാവ് പിതാവുമല്ല. എന്നാൽ ഓരോരുത്തരും പൂർണമായ ദൈവമാണ്. ഇവരെ ദൈവമാകുന്ന സാരാംശം എന്ന ദൈവീക ഗുണങ്ങൾ എല്ലാവർക്കും ഒന്നാണ്. അതുകൊണ്ട്, 'വ്യക്തികൾ മൂന്നാണെങ്കിലും സാരാംശത്തിൽ ഒന്നാണ്' എന്ന് പറയാം. ഈ കാര്യത്തിനെ ഒറ്റ വാക്കിൽ ത്രീകേയത്വം എന്നും പറയാം. പക്ഷേ, ഇവിടെ ത്രീയേകത്വത്തിൽ ദൈവം എത്രയുണ്ട് എന്ന് ചോദിച്ചാൽ ഒന്ന് എന്ന് പറയുന്നതാണോ, മൂന്ന് എന്ന് പറയുന്നതാണോ ശരി. ഇതാണ് നമ്മൾ ഗൗരവമായി ചിന്തിക്കേണ്ടത്.**

ഉദാഹരണമായി പറഞ്ഞാൽ അല്ലാഹുവിന് ധാരാളം സ്വിഫത്തുകൾ (ഗുണവിശേഷണങ്ങൾ) ഉണ്ട്. ആ വിവിധ ഗുണങ്ങളിൽ ഒരു ഗുണം പോലും മറ്റാർക്കുമില്ല എന്ന് മുസ്‌ലീങ്ങൾ വിശ്വസിക്കുന്നു. എന്നാൽ പിൽക്കാലത്ത് ഒരാൾ പുതിയ ഒരു വാദം കൊണ്ടുവരുന്നുവെന്ന് സങ്കല്പിക്കുക. അയാൾ പറഞ്ഞു. അല്ലാഹുവിന് ഉള്ള ഗുണങ്ങൾ (സാരാംശം) തുല്യമായ നിലയിൽ മറ്റ് രണ്ട് പേർക്ക് കൂടിയുണ്ട്. എന്നാൽ അവർ മൂന്ന് പേരുണ്ടെങ്കിലും അവരിലെ സാരാംശം ഒന്നാണ്. അതുകൊണ്ട് ഈ സങ്കല്പവും ഏകദൈവ വിശ്വാസമാണ് എന്ന് പറഞ്ഞാൽ വിവരമുള്ള ആരെങ്കിലും അത് പരിഗണിക്കുമോ?

തുല്യമായ ഗുണങ്ങളോടു കൂടിയ ബഹുദൈവങ്ങൾ ഉണ്ട് എന്നല്ലേ ഇതിന് പറയുവാൻ കഴിയൂ. ഇത് തന്നെയല്ലേ ത്രീയേകത്വവും പറയുന്നത്. പിന്നെ എങ്ങനെയാണ് സുഹൃത്തുക്കളെ ത്രീയേകത്വം ഏകദൈവ വിശ്വാസമാണെന്ന് നിങ്ങൾ വിശ്വസിക്കുന്നത്.

## ബോധപൂർവം സൃഷ്ടിച്ച ആശയക്കുഴപ്പം

സെബല്ലിയനിസം എന്ന ദുരുപദേശത്തെ അഥവാ പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരു ദൈവം തന്നെയാണെന്ന സങ്കൽപത്തെ ഭൂരിപക്ഷം വരുന്ന ക്രൈസ്തവരും ത്രീയേകത്വമായി സങ്കൽപ്പിച്ചത് എന്തു കൊണ്ടാണ്? ഇതിന് ഉത്തരവാദികൾ ത്രീയേകത്വത്തിന് നിർവചനം മെനഞ്ഞ ക്രൈസ്തവ ബുദ്ധിരാക്ഷസന്മാരാണ്.

മൂന്നുണ്ടെങ്കിലും അവർ ഒന്നാണ് എന്ന് പറയുമ്പോൾ മൂന്ന് എന്നു പറഞ്ഞത് അസ്തിത്വത്തെ കുറിച്ചും ഒന്ന് എന്നത് ഗുണത്തെക്കുറിച്ചുമാണ്. ഒരു വാചകത്തിൽ ഉപയോഗിച്ചിരിക്കുന്ന മൂന്ന്, ഒന്ന് എന്ന രണ്ട് പദങ്ങളിൽ മൂന്ന് ഉപയോഗിച്ചത് എണ്ണത്തെ അഥവാ എത്ര (Who's) എന്നതിനെ സൂചിപ്പിക്കുവാനും ഒന്ന് എന്ന പദം 'എന്ത്' (What) എന്നതിനെ സൂചിപ്പിക്കുവാനുമാണ്. ഇവരുടെ ഈ കുതന്ത്രം സാധാരണക്കാർ എങ്ങനെ തിരിച്ചറിയും?

ഈ കാര്യങ്ങളിലുള്ള അജ്ഞത മൂലമാണ്, നിങ്ങൾക്ക് എത്ര ദൈവമുണ്ട് എന്ന് ചോദിക്കുമ്പോൾ ഒന്ന് എന്ന് സാധാരണ ഇവർ ഉത്തരം പറയുന്നത്. വാസ്തവത്തിൽ, എത്ര എന്ന് ചോദിച്ചാൽ മൂന്ന് എന്നും, എന്താണ് നിങ്ങളുടെ ദൈവങ്ങളുടെ ഗുണങ്ങൾ എന്ന് ചോദിച്ചാൽ അവ ഒന്നാണ്, ഒട്ടും വ്യത്യാസമില്ല എന്നുമാണ് ഇവർ പറയേണ്ടത്. ഒരേപോലുള്ള മൂന്ന് കസേരകളെ കുറിച്ച് ഇത് എത്ര കസേരയുണ്ട് എന്ന് ക്രൈസ്തവരോടു ചോദിച്ചാൽ ത്രീയേക കസേരയെന്ന് ഇവർ പറയുമോ? ഒരു കമ്പനി തന്നെ ഉണ്ടാക്കുന്ന ഒരേപോലുള്ള നാല് കാറുകൾ കാണിച്ചിട്ട് ഇത് എത്ര കാറുണ്ട് എന്ന് ചോദിച്ചാൽ ചതുരേക കാർ എന്ന് പറയുമോ? ഒരു പഴക്കുലയിലെ അഞ്ച് പഴത്തെകുറിച്ച് ഇത് എത്ര പഴം എന്ന് ചോദിച്ചാൽ പഞ്ചേകപഴം എന്ന് പറയുമോ? ഇല്ലല്ലോ.

പിന്നെ എന്തുകൊണ്ടാണ് എത്ര ദൈവമുണ്ട് എന്ന് ചോദിക്കുമ്പോൾ ക്രൈസ്തവർ ത്രീയേകം എന്ന് പറയുന്നത്. കാരണം, എത്ര എന്നതിന് മാത്രം ഉത്തരം പറഞ്ഞാൽ മൂന്ന് എന്ന് പറയേ

ണ്ടിവരും. അതുകൊണ്ട്, ചോദ്യകർത്താവിന്റെ എത്ര എന്ന ചോദ്യത്തോടൊപ്പം എന്ത് എന്ന സ്വന്തം ചോദ്യം കൂടി മനസ്സിൽ സങ്കൽപിച്ച് ത്രീയേകം എന്ന് മറുപടി പറഞ്ഞ് ചോദ്യകർത്താവിനെ ആശയകുഴപ്പത്തിലാക്കുക. അല്ലെങ്കിൽ എത്ര എന്ന ചോദ്യത്തിനെ അവഗണിച്ച് 'എന്ത്' എന്ന ചോദ്യമാണെന്ന് സങ്കൽപിച്ച് ഒന്ന് എന്ന് പറയുക. ഒരു മതത്തിന്റെ അടിസ്ഥാന വിശ്വാസമാണല്ലോ ദൈവവിശ്വാസം അത്പോലും സുവ്യക്തമായി വിശദീകരിക്കാൻ കഴിയാത്ത പരിതാപകരമായ അവസ്ഥയിലാണ് ഇന്ന് ക്രൈസ്തവലോകം. തങ്ങൾ വിശ്വസിക്കുന്ന നേതാക്കന്മാർ എന്താണ് പകരമായി തങ്ങൾക്ക് തിരിച്ചു നൽകുന്നതെന്ന് എന്റെ സ്നേഹം നിറഞ്ഞ ക്രൈസ്തവർ ചിന്തിച്ചരുന്നെങ്കിൽ എന്ന് ആഗ്രഹിച്ച് പോകുകയാണ്.

മൂന്നു വ്യക്തികൾ ഉണ്ടെങ്കിലും സാരാംശത്തിൽ ഒന്നാണ് എന്ന് പറയുന്നതിന്റെ അവസ്ഥ ക്രൈസ്തവ പണ്ഡിതന്മാർ വിവരിക്കുന്നു.

> "വ്യക്തിയെന്ന നിലയിൽ ദൈവം മൂന്നാണ്, അതായത് ഒരേ സാരാംശമുള്ള മൂന്ന് വ്യക്തികൾ. അതുകൊണ്ട് ദൈവം ഏകനായിരിക്കുന്നു എന്നത് പ്രത്യേക നിലയിലാണെന്ന് യാതൊരു ആശയകുഴപ്പവും ഇല്ലാതെ പറയാം. സാരാംശമെന്ന നിലയിൽ ദൈവം ഒന്നാണ്, എന്നാൽ വ്യക്തികൾ എന്ന നിലയിൽ ദൈവം മൂന്നാണ്. ഇങ്ങനെ രണ്ടു നിലയിൽ ദൈവം ഒന്നാണെന്നും മൂന്നാണെന്നും പറയുന്നതുകൊണ്ട് ത്രീയേകത്വം എന്ന ആശയത്തിൽ വൈരുദ്ധ്യമില്ല". *(A brief Introduction of Trinity, Sakshi Website)*

> "മൂന്ന് ആളത്വമായിരിക്കുമ്പോൾ ഒരേ സമയം മൂന്ന് വ്യക്തികളായി മൂന്ന് വ്യത്യസ്ത വിഷയങ്ങൾ ചിന്തിക്കുവാനും തീരുമാനം എടുക്കാനും സാധിക്കും. ഓരോ ആളത്വവും അതിൽ തന്നെ പൂർണമാണ്.
>
> ദൈവത്തിലുള്ള മൂന്ന് ആളത്വങ്ങളായ പിതാവ്, പുത്രൻ

പരിശുദ്ധാത്മാവ് ഇവർ മൂവർ മൂന്ന് ആളത്വമായി പ്രവർത്തിക്കുമ്പോൾ ഒരേ സമയം മൂന്ന് പ്രവൃത്തികൾ ചെയ്യുന്നു. അവർ തമ്മിൽ ആലോചിച്ചു ചെയ്യുന്നു. ഐക്യത്തിൽ ചെയ്യുന്നു. ഒരിക്കലും തമ്മിൽ യോജിക്കാത്ത കാര്യം ആരും ചെയ്യാറില്ല. തമ്മിൽ വിരോധാഭാസമായ കാര്യവും ചെയ്തിട്ടുള്ളതായി ബൈബിളിൽ പറയുന്നില്ല. ഒരിക്കലും ഒരു വിഷയത്തിലും പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിൽ പിണങ്ങിയിട്ടില്ല. ഐക്യത്തിലും പരസ്പരസമ്മതത്തോടും, മാത്രമേ ഏതെങ്കിലും കാര്യങ്ങൾ ചെയ്യുകയുള്ളൂ". *(ത്രീയേകദൈവം,എസ്.ജി ഗിൽബർട്ട്, പുറം 206)*

***

# 4

# സാരാംശത്തിൽ പിതാവും പുത്രനും തുല്യരോ

പിതാവും പുത്രനും സാരാംശത്തിൽ ഒന്നാണ് എന്ന് ക്രിസ്തുമതം പറയുന്നു. അസ്തിത്വത്തിൽ വ്യത്യസ്തമായ ഇവരെ തമ്മിൽ ഒന്നിപ്പിക്കുവാൻ ആകെ കിട്ടിയ ഒരു വാക്കാണ് സാരാംശം. ദൈവത്തിന്റെ സാരാംശം എന്നാൽ ദൈവത്തിനു മാത്രമുള്ള ഗുണ വിശേഷണങ്ങളുടെ ആകെത്തുകയാണ്. നിത്യത, സർവജ്ഞാനം, സർവവ്യാപകത്വം, സർവശക്തി എന്നിവയാണ് അവയിൽ പ്രധാനം

**1. നിത്യത്വം**

എന്നും നിലനിൽക്കുന്നതിന് മാത്രമാണ് നിത്യത അവകാശപ്പെടാൻ കഴിയുക. അങ്ങനെയെങ്കിൽ പുത്രൻ നിത്യനാണോ? ഒരിക്കലും അല്ല. പുത്രൻ എന്ന് വിളിക്കണമെങ്കിൽ തന്നെ ജനനം എന്ന പ്രക്രിയ നടക്കണം. ജനനം, ആരംഭത്തെ കുറിക്കുന്നു. അപ്പോൾ പിതാവിൽ നിന്ന് പുത്രൻ ജനിച്ചുവെന്ന് പറയുമ്പോൾ ആ ജനനം നടന്നത് മുതലാണ് പുത്രൻ ആരംഭിക്കുന്നത്. പിന്നെ എങ്ങനെയാണ് പുത്രൻ നിത്യനെന്ന് അവകാശപ്പെടുക. അതും പിതാവിനെ പോലെ നിത്യനെന്നും!!!!

ഈ ചോദ്യത്തിന് മറുപടി പറയാത സഭയുടെ പുറത്താക്കലും ശപിക്കലും മാത്രമാണ് ചരിത്രത്തിൽ അരങ്ങേറിയത്. പിതാവിൽ

നിന്ന് ജനിച്ചവനാണെങ്കിലും പിതാവിന് പുത്രനെക്കാൾ പ്രായ കൂടുതൽ ഇല്ലെന്നും പുത്രൻ ഇല്ലാതിരുന്ന കാലം ഉണ്ടെന്നും പറയുന്നത് അപരാധവുമാണത്രേ.

**2. സർവജ്ഞാനിയും സർവ വ്യാപിയും**

പിതാവിനെപോലെ പുത്രദൈവവും സർവജ്ഞാനിയും സർവവ്യാപിയും ആണത്രേ. ഇങ്ങനെ പറയണമെങ്കിൽ പുത്രദൈവത്തിന് സകലതും അറിയാൻ സാധിക്കണം. അതോടൊപ്പം അവനെ മറഞ്ഞ് ഒന്നും ഉണ്ടാകാനും പാടില്ല. അപ്പോൾ ഒരു സംശയം. പിതാവിന്റെ തീരുമാനം എന്താണെന്ന് പുത്രന് അറിയുമോ? അതോ പിതാവ് അറിയിച്ചാൽ മാത്രമേ ഈ അറിവ് പുത്രന് ലഭിക്കുകയുള്ളോ? ക്രൈസ്തവ പണ്ഡിതന്മാർ തല പുകയ്ക്കാൻ തുടങ്ങി. അങ്ങനെ അവർ ഒരു പുതിയ ആശയം കൊണ്ടു വന്നു.

Perichoresis അഥവ അന്തർവ്യാപനം എന്നാണ് അതിന്റെ പേര്. ത്രീയേക വ്യക്തികളുടെയിടയിൽ സ്നേഹം മൂലമുള്ള അന്തർവ്യാപനം അഥവാ ഒരാളുടെ ഉള്ളിലേക്ക് ഇറങ്ങി ചെന്ന് പരസ്പരം കൊടുക്കൽ വാങ്ങൽ നടത്തുവാനുള്ള കഴിവ് ഉണ്ടത്രേ. അതുകൊണ്ട് പിതാവ് എന്ത് ചിന്തിക്കുമ്പോഴും പിതാവ് പറയാതെ തന്നെ പുത്രന് മനസിലാക്കാൻ സാധിക്കും എന്ന് ഇവർ വാദിച്ചു.

വാസ്തവത്തിൽ, പിതാവിനുള്ള അറിവ് എല്ലാം തനിക്കുണ്ടെന്ന് യേശു പറഞ്ഞുവോ?

“ആ നാളും നാഴികയും സംബന്ധിച്ച് പിതാവിനല്ലാതെ പുത്രനോ സ്വർഗത്തിലെ ദൂതൻമാർക്കോ അറിയുകയില്ല” (മാർക്കോസ് 13:32) എന്ന് യേശു പറയുമ്പോൾ അദ്ദേഹത്തിനെ അവഗണിച്ച് പണ്ഡിതന്മാരുടെ വാക്കിനെ സ്വീകരിക്കുന്നത് ഗുണകരമാണോ? പിതാവിലേക്ക് അന്തർവ്യാപനം ചെയ്ത് അറിവ് നേടാൻ പുത്രന് സാധിക്കുമായിരുന്നെങ്കിൽ ‘ആ നാളും നാഴികയും’ സംബന്ധിച്ച് യേശുവിന് എന്തുകൊണ്ട് അറിവില്ലാതെ പോയി. ചുരുക്കത്തിൽ സർവജ്ഞാനി, സർവവ്യാപി എന്ന് യേശുവിനെ വിളിക്കുന്നതിന് മുമ്പ് യേശുവിന്റെ വാക്കുകളെ ഉപേക്ഷിക്കാതെ നിവർ

ത്തിയില്ല തന്നെ?

### 3. സർവശക്തൻ

അധികം ശക്തിയുള്ളതിന് അല്ല സർവശക്തിയെന്ന് പറയുന്നത്. എന്തും ചെയ്യാവാനും തീരുമാനിക്കാനും ഉള്ള കഴിവിനെയാണ് സർവശക്തിയെന്ന് പറയുന്നത്. സർവശക്തി ഉള്ളതുകൊണ്ടു അവൻ എന്തും ചെയ്യും എന്ന് കരുതുന്നത് മൗഢ്യമാണ്. അവന്റെ സ്വഭാവത്തിനും പരിശുദ്ധിക്കും ചേരുന്ന പ്രവർത്തനങ്ങൾ മാത്രമേ അവനിൽ നിന്നും ഉണ്ടാവുകയുള്ളൂ.

പിതാവ് സർവശക്തൻ ആണെന്നതിൽ സംശയമില്ല. പക്ഷേ പിതാവിനുള്ള സർവശക്തിക്ക് തുല്യമായ സർവശക്തി പുത്രനുണ്ടോ? ഉണ്ടെന്നാണ് ത്രീയേക വിശ്വാസം പറയുന്നത്. വാസ്തവത്തിൽ ഇതിന് വിരുദ്ധമാണ് യേശുവിന്റെ അദ്ധ്യാപനം.

നിന്റെ മഹത്വത്തിന്റെ നാളിൽ എന്റെ ഒരു മകനെ നിന്റെ ഇടത്തും ഒരു മകനെ വലത്തും ഇരുത്തണം എന്ന ആവശ്യവുമായി അപ്പൊസ്തല പ്രമുഖരായ യോഹന്നാന്റെയും യാക്കോബിന്റെയും മാതാവ് യേശുവിനെ സമീപിച്ചപ്പോൾ പ്പോൾ അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമാണ്.

“എന്റെ മഹത്വത്തിന്റെ കാലത്ത് ഇടത്തോ വലതോ ആര് ഇരിക്കണമെന്ന് അനുവദിക്കുന്നത് ഞാനല്ല, എന്റെ പിതാവ് ഈ സ്ഥാനങ്ങൾ ആർക്കു വേണ്ടി ഒരുക്കിയിരിക്കുന്നവോ അവർക്കുള്ളതാണ്”. (മത്തായി 20:23)

തന്റെ മഹത്വത്തിന്റെ നാളിൽ പോലും തന്റെ ഇടത്തോ വലത്തോ നടക്കുന്ന കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത് യേശു അല്ലെങ്കിൽ സർവശക്തൻ എന്ന ദൈവത്തിന്റെ ഗുണ വിശേഷണം അദ്ദേഹത്തിന് ചേരുമോ? പതിവുപോലെ ഇവിടെയും യേശുവിന്റെ വാക്കുകളെ കുപ്പത്തൊട്ടിയിലേക്ക് തിരസ്കരിച്ച് പണ്ഡിതന്മാരുടെ ദൈവദൂഷണം നിറഞ്ഞ ഭാവനകളെ സ്വീകരിക്കാതെ യേശു സർവശക്തൻ ആണെന്ന് പറയുവാൻ സാധിക്കുമോ?

ചുരുക്കത്തിൽ പുത്രൻ പിതാവിനോട് സാരാംശത്തിൽ തുല്യ നാണെന്ന നിഖ്യാവിശ്വാസ പ്രമാണത്തിന്റെ പ്രഖ്യാപനം ദൈവ ത്തോടുള്ള തുറന്ന വെല്ലുവിളി ആകുന്നു. നിത്യൻ, സർവശക്തൻ, സർവജ്ഞാനി, സർവവ്യാപി തുടങ്ങിയ ഒരു ദൈവീക ഗുണ വിശേ ഷണം പോലും യേശുവിന് ഇല്ലെന്ന് അദ്ദേഹം തന്നെ വ്യക്തമാ ക്കിയിരിക്കെ, പിതാവിനോട് സാരാംശത്തിൽ തുല്യനാണെന്ന വാദം അതീവ ഗുരുതരമാണ്. ഇതിന്റെ പ്രത്യാഘാതം ഒഴിവാക്കാനായി അവന്റെ കൈവശമുള്ള സകലതും നൽകാം എന്ന് പറഞ്ഞാലും അവന്റെ ആത്മാവിനെ രക്ഷിക്കുക അസാദ്ധ്യമാണെന്ന് തീർച്ചയാണ്. അതുകൊണ്ട് തെറ്റുകൾ ദൈവ മുമ്പാകെ ഏറ്റു പറഞ്ഞ് പശ്ചാത്താപിച്ച് കളങ്കമില്ലാത്ത ഏക ദൈവ വിശ്വാസം ഹൃദയത്തിൽ സ്ഥാപിക്കുക മാത്രമാണ് പരിഹാരം.

***

# 5

# ദൈവങ്ങളുടെ കൂട്ടായ്മ

**മൂ**ന്ന് ദൈവീക വ്യക്തികൾ കൂട്ടായ്മയിൽ പ്രവർത്തിക്കുന്നു എന്നാണ് ക്രൈസ്തവ പണ്ഡിതന്മാർ പറയുന്നത്. ഒരു ദൈവമല്ല, മൂന്ന് ദൈവീക വ്യക്തികളുടെ സഹകരണത്തെയും സ്നേഹ ത്തെയും കുറിച്ച് വാചാലമായി ചിത്രീകരിച്ച് അവർ ഐക്യം മൂലം ഒന്നായി തീരുന്നു എന്നാണ് ഇവരുടെ സങ്കൽപം. അപ്പോൾ രണ്ടു വിധമാണ് ക്രൈസ്തവ ദൈവങ്ങൾ ഒന്നാകുന്നത്.

1. അവരിലെ ഗുണങ്ങൾ ഒന്നാണ്.
2. അവർ ഐക്യത്തിൽ ഒന്നാണ്

എന്നാൽ ക്രൈസ്തവ സുഹൃത്തുക്കൾ ചിന്തിക്കുക. നമ്മൾ ഒരു വസ്തുവിനെ എണ്ണുന്നത് എന്തിനെ അടിസ്ഥാനമാക്കിയാണ്? അവ എത്ര അസ്ഥിത്വമുണ്ട് എന്നതാണ് എണ്ണത്തിൽ പരിഗ ണിക്കുക. ഒരേ പോലുള്ള പത്തു കാറുകളുടെ എണ്ണം ചോദിച്ചാൽ പത്ത് എന്നാണ് ഉത്തരം പറയുക. അല്ലാതെ അവ ഒരേ രീതിയിൽ ഉള്ളവ ആയതുകൊണ്ട് ഒന്ന് എന്ന് പറയുകയില്ല. അതേപോലെ ജീവനുള്ള വ്യക്തികൾ പരസ്പരം അഗാധ സ്നേഹവും ഐക്യവും ഉണ്ടെങ്കിൽ ആലങ്കാരികമായി അവർ ഒന്നാണ് എന്ന് പറയുമെങ്കിലും അവർ എത്ര എന്ന് ചോദിച്ചാൽ അവർ എത്ര

വ്യക്തികൾ ഉണ്ടെന്ന് പറയുക തന്നെ വേണം. അങ്ങനെയെങ്കിൽ ത്രിത്വത്തിൽ എത്ര ദൈവമുണ്ട്. എന്ന് ചോദിച്ചാൽ മൂന്ന് എന്ന് തന്നെയാണ് ഉത്തരം കാരണം അവർ അസ്തിത്വത്തിൽ വ്യത്യസ്തരും ഒരിക്കലും ഒരു അസ്തിത്വമായി മാറ്റം സംഭവിക്കാത്തവരുമാണ്. ഇക്കാര്യങ്ങൾ ക്രൈസ്തവ ഗ്രന്ഥത്തിൽ തന്നെ പല രീതിയിൽ വിശദീകരിച്ചിരിക്കുന്നത് കാണുക.

**1) പിതാവ് മനുഷ്യനായി വന്നില്ല പുത്രദൈവം മാത്രമാണ് മനുഷ്യനായത്.**

**നിഖ്യാ വിശ്വാസപ്രമാണം**

"സർവശക്തനായ പിതാവും, ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവും ആയ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ഏക കർത്താവും ദൈവപുത്രനും പിതാവിൽ നിന്ന്, അതായത് പിതാവിന്റെ സത്തയിൽ നിന്ന് ജനിച്ച ഏകജാതനും ദൈവത്തിൽ നിന്നുള്ള ദൈവും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള ദൈവവും, ജനിച്ചവനും എന്നാൽ സൃഷ്ടക്കപ്പെടാത്തവനും, പിതാവിനോടു കൂടെ ഏക സത്ത ആയിരിക്കുന്നവനും ആയ യേശുക്രിസ്തുവിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ വഴി ആകാശത്തിലും ഭൂമിയിലും ഉള്ള സകലതും സൃഷ്ടിക്കപ്പെട്ടു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി ഇറങ്ങി വന്ന്, മാംസമായി, മനുഷ്യനായി, പീഡകൾ സഹിച്ച്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗത്തിലേക്ക് ആരോഹണം ചെയ്തു. ജീവിച്ചിരിക്കുന്നവരേയും മരിച്ചവരേയും വിധിക്കാൻ അവൻ വരും. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. *(പരി. ത്രിത്വം, പുറം 29-30)*

**2) യഹൂദരുടെതും മുസ്‌ലീംകളുടെതും ഏകദൈവ വിശ്വാസം, അതിൽ നിന്നും വ്യത്യാസമുള്ളത് ക്രൈസ്തവരുടെ ത്രീയേക വിശ്വാസം.**

"അടിസ്ഥാനപരമായി ദൈവം ഏകനാണ്. എന്തെന്നാൽ ദൈ

വം ഒന്നേയുള്ളൂ. പഴയ നിയമത്തിന്റെയും യഹൂദരുടെയും മുസ്ലീങ്ങളുടെയും വിശ്വാസം ഇതാണ്. പൊതുവേ ക്രൈസ്തവരുടെയും വിശ്വാസം ഇതു തന്നെ.

ഒരുവന്റെ ഏകാകിതയിൽ നിന്ന് മൂന്നു ദൈവിക വ്യക്തികളുടെ, പിതാവും പുത്രനും പരിശുദ്ധാത്മാവുമടങ്ങിയ കൂട്ടായ്മയിലേക്ക് നാം മുന്നോട്ടു പോകണം. ആദിയിൽ തന്നെ വൈവിധ്യത്തിന്റെ സമ്പന്നതയോടുകൂടെ ഒരു ദൈവികവ്യക്തി ഇതരവ്യക്തികൾക്ക് സ്വയം സമർപ്പിക്കുന്ന പ്രകാശമാനമായ ഐക്യത്തോടു കൂടെ വിവിധ വ്യക്തികളുടെ കൂട്ടായ്മയുണ്ടായിരുന്നു.

ഏകദൈവമേ ഉള്ളൂ എന്ന പ്രസ്താവനയെ ക്രൈസ്തവ വിശ്വാസം നിഷേധിക്കുന്നില്ല. എന്നാൽ ദൈവത്തിന്റെ ഏകത്വം വ്യത്യസ്തമായ രീതിയിലാണ് മനസ്സിലാക്കുന്നത്. പുതിയ നിയമത്തിലെ വെളിപ്പെടുത്തലനുസരിച്ച് യഥാർഥത്തിൽ ആയിരിക്കുന്നത് പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമാണ്. ദൈവം നിത്യനാണ്. ദൈവികരായ മൂന്ന് വ്യക്തികളുടെ കൂട്ടായ്മയാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും അത്രമേൽ സ്നേഹിച്ചുകൊണ്ട് അത്രമേൽ പരസ്പരം പങ്കുചേർന്നുകൊണ്ട് നിത്യമായി ഐക്യപ്പെട്ടിരിക്കുന്നു. മൂന്നു ദൈവിക വ്യക്തികളുടെ കൂട്ടായ്മയാണ് നിലനിൽക്കുന്നത്. ഈ കൂട്ടായ്മ ഏകദൈവമാകത്തക്ക രീതിയിൽ അത്ര അഗാധവും അടിസ്ഥാനപരവുമാണ്". *(പരി. ത്രിത്വം, പുറം 61)*

### 3) ഒരു ദൈവം ആണെങ്കിൽ ഏകാന്തനായിത്തീരും.

"മൂന്നു വ്യക്തികൾ എന്നാൽ ഒരേ സ്നേഹം - മൂന്ന് അനന്യരായവർ എന്നാൽ ഒരേ കൂട്ടായ്മ.

ഒരേ ഒരു അനന്യവ്യക്തിയേ ഉണ്ടായിരുന്നുള്ളുവെങ്കിൽ ഒരു ദൈവം. ഏകാകിതയായിരിക്കും അനന്തരഫലം. അപ്പോൾ അത്യധികം വ്യത്യസ്തവും അതേസമയം സന്തുലിതവുമായ

പ്രപഞ്ചത്തിന്റെ അന്തർധാരയായി വർത്തിക്കുന്നത് കൂട്ടായ്മ യായിരിക്കുകയില്ല ഏകാന്തതയായിരിക്കും. ഒരു പിരമിഡിന്റെ അഗ്രബിന്ദുപോലെ ഒരേ ഒരു ബിന്ദുവിൽ എല്ലാ അവസാനിക്കും.

രണ്ട് അനന്യവ്യക്തികളുണ്ടായിരുന്നുവെങ്കിൽ - പിതാവും പുത്രനും - അകൽച്ച അതിന്റെ മൂർദ്ധന്യത്തിലാ യിരിക്കും. ഒരാൾ മറ്റൊരാളിൽ നിന്ന് തികച്ചും വ്യത്യസ്ത മായിരിക്കും. അപ്പോൾ സംലയനം ഉണ്ടാവില്ല. ഒന്ന് മറ്റൊന്ന് ആയിരിക്കുകയില്ല. അതിനാൽ പിതാവും പിത്രനും തമ്മിൽ ഐക്യവും ഉണ്ടായിരിക്കുകയില്ല.

ത്രിത്വത്തിന്റെ കൂട്ടായ്മയും ഉൾച്ചേരലും വഴി നമ്മൾ പൂർണതയിൽ എത്തിച്ചേരുന്നു. ത്രിത്വത്തിലൂടെ ഒരു വ്യക്തി യായിരിക്കുന്നതിലുള്ള ഏകാന്തത ഒഴിവാക്കപ്പെടുന്നു. രണ്ട് വ്യക്തികളായിരിക്കുന്നതിലെ (പിതാവും, പുത്രനും) അക ൽച്ചയെ അതിജീവിക്കുന്നു. ഒരു വ്യക്തി ഇതര വ്യക്തിയിൽ നിന്ന് ബഹിഷ്ക്കരിക്കപ്പെടുന്ന അവസ്ഥ (പിതാവ് പുത്രനിൽ നിന്നും പുത്രൻ പിതാവിൽ നിന്നും) മറികടക്കുന്നു. ത്രിത്വം ഉൾച്ചെരലിനെയും കൂട്ടായ്മയെയും ഉളവാക്കുന്നു. മൂന്നാമത്തെ വ്യക്തി വിരുദ്ധ സ്വഭാവങ്ങളുടെ (വൈരുദ്ധ്യ ങ്ങളുടെ) ഐക്യത്തെയും തുറവിയേയും വെളിപ്പെടുത്തുന്നു. അതിനാൽ മൂന്നാമത്തെ ദൈവിക വ്യക്തിയായ പരിശുദ്ധാ ത്മാവ്, പിതാവും, പുത്രനും തമ്മിലുള്ള ഐക്യത്തിന്റെയും കൂട്ടായ്മയുടെയും ഘടകമായി എന്നും കണക്കാക്കപ്പെടുന്നു. ജീവന്റെ പ്രവാഹമായും ദൈവികമായ അനന്യവ്യക്തികളുടെ ബന്ധത്തിൽ നിറഞ്ഞു നിൽക്കുന്ന പരസ്പരാന്തർ വ്യാപന ത്തിന്റെ പ്രകാശനമായും പരിഗണിക്കപ്പെടുകയും ചെയ്തു". *(പരി. ത്രിത്വം, പുറം 65-66)*

**4) സകല പ്രശ്നത്തിനും കാരണം ഒരു ദൈവത്തിലുള്ള വിശ്വാസം**

"സ്വർഗത്തിൽ ഒരു ദൈവവും ഭൂമിയിൽ ഒരു തലവനും എന്നത് അപകടകരായ പ്രസ്താവനയാണ്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും കൂട്ടായ്മയായ പരി. ത്രിത്വത്തെ കുറിച്ചു ചിന്തിക്കാതെ ഒരു ഏകനായ ദൈവത്തിലുള്ള വിശ്വാസത്തോട് ഒട്ടിച്ചേർന്നു നിൽക്കുന്നത് സമൂഹത്തിനും രാഷ്ട്ര ജീവിതത്തിനും സഭയ്ക്കും അപകടകരമാണ്. മൂന്നു ദൈവിക വ്യക്തിത്വങ്ങളുടെ കൂട്ടായ്മയാണ് ദൈവം എന്നു പറയുന്നത് കുടുംബത്ത സമൂഹത്തിലും സഭയിലും ഉള്ള വ്യത്യസ്തരായ വ്യക്തികലുടെ സഹകരണത്തെയും നല്ല ബന്ധങ്ങളെയും ഐക്യത്തെയും പ്രോത്സാഹിപ്പിക്കുന്നതാണ്. ത്രിത്വത്തെ മനസ്സിലാക്കാതെയുള്ള കർക്കശമായ ഏക ദൈവസിദ്ധാന്ത (ഏക ദൈവം എന്ന പ്രസ്താവന)ത്തിന്റെ അപകടങ്ങളെ നമുക്കു പരിശോധിക്കാം. ഇത് രാഷ്ട്രീയത്തിൽ സർവാധിപത്യത്തിലേക്കും മതത്തിൽ അധികാര പ്രവണതയിലേക്കും സമൂഹത്തിൽ പൈതൃകാധികാരത്തിലേക്കും കുടുംബത്തിൽ പുരുഷാധിപത്യത്തിലേക്കും നയിക്കുകയും അവയെ നീതികരിക്കുയും ചെയ്യും". *(പരി. ത്രിത്വം, പുറം 66-67)*

**5) ഒരു ദൈവത്തിലുള്ള വിശ്വാസം സൗന്ദര്യരഹിതം**

"അനന്തമായും നിത്യമായും പരസ്പരം സ്നേഹിക്കുന്ന മൂന്നു വ്യക്തികളുടെ കൂട്ടായ്മയാണ് ദൈവം എന്നറിയുന്നത് വഴി ദൈവത്തിന്റെ സൗന്ദര്യവും പ്രഭയും സന്തോഷവും കണ്ടെത്തുകയാണ് നാം ചെയ്യുന്നത്. ഏകവ്യക്തിയായ ദൈവം എന്നത് സൗന്ദര്യരഹിതവും സന്തോഷരഹിതവുമായ അവസ്ഥയായിരിക്കും". *(പരി. ത്രിത്വം, പുറം 72)*

### 6) അപ്പൊസ്തലന്മാരുടെ ഐക്യം പോലെ ദൈവങ്ങളുടെ ഐക്യം

"അനന്തകാലം മുതൽ പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരുമിച്ച് സഹാസ്തിത്വമുള്ളവരാണ്. ആരും മുൻപോ പിൻപോ ഉണ്ടായതല്ല. ആരും ഉന്നതനോ താഴ്ന്നവനോ അല്ല. അവർ തുല്യമായ രീതിയിൽ നിത്യതയുള്ളവരും അനന്തത സ്വന്തമാക്കിയവരും കാരുണ്യ നിധികളുമാണ്. അവർ നിത്യ കൂട്ടായ്മയെ രൂപപ്പെടുത്തുന്നു.

കൂട്ടായ്മ എന്ന് നമ്മൾ പറയുമ്പോൾ വ്യക്തികൾ തമ്മിൽ പരസ്പരമുള്ളതും പ്രത്യക്ഷവും സമഗ്രവുമായ ബന്ധത്തിനാണ് ഊന്നൽ നൽകുന്നത്. ഓരോ വ്യക്തിയുടെയും സത്ത മറ്റുള്ളവർക്ക് അഭിമുഖമായി ഭവിക്കുന്നു. ഒന്നും സ്വന്തമായി നിലനിർത്തുന്നില്ല. ഓരോ വ്യക്തിയും അവന്റെ സത്തയും സ്വന്തവും എല്ലാം പൊതുവായി അർപ്പിക്കുന്നു. ഈ അടിസ്ഥാനപരായ ഐക്യത്തിൽ നിന്നാണ് കൂട്ടായ്മ രൂപം കൊള്ളുന്നത്. അപ്പസ്തോലന്മാരുടെ പ്രവർത്തനം എന്ന പുതിയ നിയമഗ്രന്ഥത്തിൽ കാണുന്നതുപോലെ ക്രൈസ്തവർ അവർക്ക് ഉണ്ടായിരുന്നതെല്ലാം പൊതുവായി അർപ്പിച്ചിരുന്നുവെന്നും അവരുടെയിടയിൽ ദരിദ്രർ ഉണ്ടായിരുന്നില്ല എന്നും അവരെക്കുറിച്ച് പറയപ്പെടുന്നു.

ഇതിന് ഏറെക്കുറെ തുല്യവും ഇതിനേക്കാളും അഗാധവുമായ ഒന്നാണ് പരിശുദ്ധ ത്രിത്വത്തിൽ സംഭവിക്കുന്നത്. ... അപ്പൊസ്തലന്മാരുടെ പ്രവർത്തനത്തിൽ കാണുന്ന ക്രിസ്തീയ സമൂഹത്തിൽ ഒരേ ഹൃദയത്തോടും ഒരേ ആത്മാവോടും കൂടെ ക്രൈസ്തവർ പരസ്പരം സ്നേഹിച്ചിരുന്നു (അപ്പ. പ്ര. 4:32). അവിടെ സ്നേഹം ഇത്രയും ശക്തമായ കൂട്ടായ്മക്കു രൂപം കൊടുത്തെങ്കിൽ ത്രിത്വത്തിൽ അത് എത്രമാത്രമായിരിക്കും! ഈവസ്തുതയെ ക്കുറിച്ച് പരാമർശിക്കുമ്പോൾ വി. ആഗസ്തിനോസ് പറയുന്നു. "അസ

മത്വത്തെ തടഞ്ഞ് സമ്പൂർണ സമത്വത്തിനു രൂപം നൽകുന്നതാണ് ദൈവത്തിന്റെ സ്നേഹം. നിരവധി ആത്മാക്കളെ ഒന്നാക്കിത്തീർക്കത്തക്കവിധം അത്ര വലിയ സ്നേഹം ഭൂമിയിലും മനുഷ്യ വ്യക്തികളിലുമുണ്ടെങ്കിൽ ഒരിക്കലും വേർപിരിയാത്ത പിതാവും പുത്രനും തമ്മിൽ അങ്ങനെയൊരു സ്നേഹം ഉണ്ടാകാതെ പോകുന്നതെങ്ങനെ. അത് അവരെ ഒരേയൊരു ദൈവമാക്കി മാറ്റുകയില്ലേ? അനിർവചനീയവും അത്യുദാത്തവുമായ ഒരു ഐക്യത്തിലൂടെ വ്യത്യസ്ത വ്യക്തികൾ ഒന്നായിത്തീരുന്നു. വ്യക്തികൾ രണ്ടു ദൈവങ്ങളായി ത്തീരുകയല്ല ഒരേ ദൈവമായിത്തീരുകയാണ് ചെയ്യുക". വിശ്വാസത്തെ സംബന്ധിച്ച് അർഥികൾക്കുള്ള പ്രഭാഷണം 1:4; 40:629". *(പരി. ത്രിത്വം, പുറം 86–87)*

## ത്രീയേകത്വത്തിന് പണ്ഡിതർ തയ്യാറാക്കിയ ഉപമകൾ

### 1) മുപ്പിരിചരട്

"മൂന്ന് പിരിയുള്ള ഒരു ചരട് എടുക്കുക. അതിനെ ചരട് എന്നാണ് പറയുക. അതിന്റെ മൂന്നു പിരികൾ വേറെ ആക്കുക. ഓരോ പിരിയുള്ള ഭാഗത്തേയും ചരട് എന്നാണ് പറയുക. ഓരോ പിരിയുള്ള ചരടും അതിൽ തന്നെ പൂർണവും ചരടായി ഉപയോഗിക്കാവുന്നതും ആകുന്നു. മൂന്നു കയറും ഒരേ സമയത്തു മൂന്നു കാര്യങ്ങൾക്കായി ഉപയോഗിക്കാം. ഉപയോഗത്തിനുശേഷം ഓരോ കയറിനേയും തമ്മിൽകൂട്ടി യോജിപ്പിച്ചാൽ പഴയതുപോലെ മുപ്പിരി ചരട് എന്നു പറയാം.

ദൈവം മുപ്പിരി ചരടുപോലെ ഒന്നാണ്. മുപ്പിരി ചരട് പിരിച്ചാൽ മൂന്ന് ചരട് എന്നപോലെ ദൈവത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് ആളത്വങ്ങൾ ഉണ്ട്. പിരിച്ച ഓരോ കയറും പൂർണവും ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാകുന്നു. അതുപോലെ ദൈവത്വത്തിലുള്ള പിതാവും പുത്രനും പരിശുദ്ധാത്മാവും മൂന്നു വ്യത്യസ്തങ്ങളായ ആളത്വങ്ങളാണ്. മൂന്നായിട്ട് വേർതിരിഞ്ഞ്

ഇരിക്കമാത്രല്ല മൂന്ന് തരത്തിലുള്ള പ്രവൃത്തികൾ ഒരേ സമയത്ത് ചെയ്യുന്നു. എന്നാൽ അവർ തമ്മിൽ അഭിപ്രായ ഭിന്നതയില്ലാതെ പ്രവർത്തിക്കുകയും അതേ സമയം ദൈവ ത്വത്തിൽ അവർ ഒന്നായി ചേർന്ന് ഒരാളായി അഥവ ത്രിയേക ദൈവമായി പ്രവർത്തിക്കുന്നു. അങ്ങനെ ദൈവം ത്രിയേകൻ".

*(ത്രീയേകദൈവം,എസ്.ജി ഗിൽബർട്ട്, പുറം 136-137)*

**2) ഒരേ സ്വർണം കൊണ്ട് മൂന്നു പ്രതിമകൾ:**

"സ്വർണം കൊണ്ടുള്ള മൂന്ന് പ്രതിമകൾ എടുക്കുക. ഒന്നാമത്തേത് പിതാവിന്റെ രൂപം. രണ്ടാമത്തേത് മകന്റെ (പുത്രന്റെ) രൂപം. മൂന്നാമത്തേത് വേലക്കാരന്റെ രൂപം എന്നു കരുതുക. മൂന്ന് രൂപങ്ങൾ യഥാർഥത്തിൽ ജീവനുള്ള വ്യക്തികൾ എന്ന് സങ്കല്പിക്കണം. അവർ മൂവരും ഒരേ സമയം മൂന്നു പ്രവർത്തനങ്ങൾ ചെയ്യുന്നു. അവർ മൂന്ന് വ്യക്തികൾ ആണ്. മറ്റൊരു മാർമിക വസ്തുത നാം മനസ്സിലാക്കേണ്ടതുണ്ട്. അതായത് അവർ മൂവരും ഉണ്ടാക്കപ്പെട്ടിരിക്കുന്നത് ഒരേ സ്വർണം കൊണ്ടാണ്. അങ്ങനെ അവർ തത്വത്തിൽ അഥവാ സാരാംശത്തിൽ ഒന്നാണ്. എന്നാൽ ആളത്വത്തിൽ മൂന്ന്". *(ത്രീയേകദൈവം,എസ്.ജി ഗിൽബർട്ട്, പുറം 236)*

**3) ഒരു സ്ഥാപനത്തിലെ വിവിധ ജോലിക്കാർ :**

"ഒരു ബാങ്കിൽ പലർ പ്രവർത്തിക്കുന്നുണ്ടായിരിക്കും; എന്നാൽ തന്നെയും നാം ബാങ്കിനെ ഒരു ബാങ്ക് എന്നാണ് പറയുന്നത്. ഏഴോ എട്ടോ അംഗങ്ങൾ ഉൾക്കൊള്ളുന്നെങ്കിലും ഒരു കുടുംബം എന്നു തന്നെയാണ് വ്യവഹരിക്കുക". *(വ്യവസ്ഥിത ദൈവശാസ്ത്രം, ജി. സുശീലൻ, പുറം 159)*

***

# 6

# പണ്ഡിതന്മാരുടെ പ്രവർത്തനങ്ങൾ

യേശുക്രിസ്തുവിന് ശേഷമുള്ള മൂന്ന് നാല് നൂറ്റാണ്ടുകളിൽ ക്രൈസ്തവ പണ്ഡിതന്മാർ യേശുക്രിസ്തുവിന്റെ ദൈവത്വം സ്ഥാപിക്കാൻ നടത്തിയ ശ്രമങ്ങളുടെ പരിണിത ഫലമാണ് ത്രിയേകത്വം എന്ന ദൈവ സങ്കല്പം. നിലവിലുള്ള ഏകദൈവ വിശ്വസത്തിലേക്ക് യേശുവിനേയും പരിശുദ്ധാത്മാവിനെയും പുതിയതായി ഉൾപ്പെടുത്തുകയും എന്നാൽ അംഗസംഖ്യ കൂടിയ കാര്യം കേൾവിക്കാരിൽ നിന്നും മറച്ചു വെയ്ക്കുകയും എന്ന വളരെ ഭാരമേറിയ ജോലിയാണ് ഇവർ ചെയ്തത്. ത്രിയേകത്വത്തിന്റെ പോരായ്മ തീർക്കുവാനുള്ള മിനുക്കു പണികൾ പിന്നീടും അനേകം നൂറ്റാണ്ടുകളോളം നില നിന്നു.

**ബൈബിൾ ക്രോഡീകരണം**

ആ കാലത്ത് ബൈബിളിന് കൃത്യമായ ഒരു ഘടന ഉണ്ടായിരുന്നില്ല. പലരുടെയും മാനദണ്ഡപ്രകാരം ഇന്നുള്ള പല പുസ്തകങ്ങളും ബൈബിളിന് യോജിക്കുന്നവ ആയിരുന്നില്ല. വെളിപാടു പുസ്തകം, പത്രോസിന്റെ ലേഖനങ്ങൾ, യോഹന്നാന്റെ ലേഖനങ്ങൾ, എബ്രായ ലേഖനം, യൂദയുടെ ലേഖനം, യാക്കോബിന്റെ ലേഖനം എന്നിവയ്ക്കെല്ലാം ഉള്ള ആക്ഷേപങ്ങൾ പതിനഞ്ചാം

നൂറ്റാണ്ടിലെ മാർട്ടിൻ ലൂഥർ എന്ന പ്രൊട്ടസ്റ്റു നേതാവിന്റെ കാലശേഷവും നിലനിന്നിരുന്നു. 'സോളാ സ്ക്രിപ്ചൂറ (Sola Scriptura) അഥവാ വചനം മാത്രം മതി എന്ന് പ്രഖ്യാപിച്ച ലുഥറിന് പോലും ബൈബിളിലെ വെളിപാടു പുസ്തകം, എബ്രായ ലേഖനം, യൂദാ യുടെ ലേഖനം എന്നിവയോട് യോജിപ്പിലായിരുന്നു. യാക്കോബിന്റെ ലേഖനത്തെ കുറിച്ച് ലൂഥർ പുച്ഛരിച്ച് സംസാരിക്കുമായിരുന്നു.

ബൈബിൾ പുസ്തകങ്ങളുടെ ക്രോഡീകരണത്തെ സംബ ന്ധിച്ച് പ്രമുഖ ക്രൈസ്തവ പണ്ഡിതനായ റവ. എം.വി ചാക്കോ യുടെ വിവരണം ഇങ്ങനെയാണ്."പുതിയ നിയമ പുസ്തകങ്ങളുടെ കാനോൻ എന്ന നിലയിൽ പ്രഥമമായി രൂപീകരിക്കപ്പെട്ടത് മാർ സിയൻ (A.D 140) ഉണ്ടാക്കിയതാണ്. അദ്ദേഹം പൗലോസിന്റെ ലേഖനങ്ങളിൽ ഇടയലേഖനങ്ങൾ ഒഴിച്ചുള്ളവയും ലൂക്കോസിന്റെ സുവിശേഷവും പരിഷ്ക്കരിച്ച് ചേർത്തു. മറ്റു മൂന്ന് സുവിശേഷ ങ്ങൾ തള്ളിക്കളഞ്ഞു. പിന്നെ ഉണ്ടായത് "മൂറേറ്റോറിയൻ കാനോൻ" എന്ന് അറിയപ്പെടുന്നത് (A.D 200) ആകുന്നു. റോമിൽ അംഗീകരി ക്കപ്പെട്ടവയുടെ ഒരു ലിസ്റ്റ് അതിൽ ഉണ്ടായിരുന്നു. നാല് സുവിശേ ഷങ്ങൾ, അപ്പൊസ്തല പ്രവൃത്തികൾ, പൗലോസിന്റെ ലേഖനങ്ങൾ, യോഹന്നാന്റെ രണ്ട് ലേഖനങ്ങൾ, യൂദായുടെ ലേഖനം, പത്രോ സിന്റെ ഒന്നാം ലേഖനം, വെളിപ്പാട് എന്നിവ ഉൾപ്പെടുന്നു. എബ്രാ യർ, യാക്കോബ്, യോഹന്നാന്റെ മൂന്നാം ലേഖനം ഇവ തള്ളി ക്കളഞ്ഞു. പത്രോസിന്റെ രണ്ടാം ലേഖനം സംശയാസ്പദമായി മാറ്റി വച്ചു. ഹെർമാസിലെ ഇടയൻ രഹസ്യവായനയ്ക്ക് അനുവ ദിച്ചു. പരസ്യവായനക്ക് അനുവദിച്ചില്ല.

യെരൂശേമിലെ സിറിലും ലവൗദികൃയിലെ കൗൺസിലും വെളിപാടു പുസ്തകം ഒഴിച്ചുള്ളവ അംഗീകരിച്ചു. വാറ്റിക്കനിൽ, സെനാറ്റിക്കും, മൂലപ്രതികൾ നാലാം നൂറ്റാണ്ടിൽ ഉണ്ടാക്കപ്പെട്ട താകുന്നു. വാറ്റിക്കനിൽ ഫിലേമോൻ, തിത്തോസ്, ഒന്നും രണ്ടും തിമോഥെയോസ്, എബ്രായർ, വെളിപാട് ഇവ ഉൾപ്പെടുന്നില്ല. സെനാറ്റിക്കിൽ നാലു സുവിശേഷങ്ങളും, എല്ലാ ലേഖനങ്ങളും,

വെളിപാടും ഉൾക്കൊള്ളുന്നു. യുസീബിയസ് പുതിയ നിയമ പുസ്തകങ്ങളെ മൂന്നായി തരം തിരിച്ചിരിക്കുന്നു. അവ അംഗീകൃത പുസ്തകങ്ങൾ, അംഗീകരണമില്ലാത്ത പുസ്തകങ്ങൾ, തള്ളപ്പെട്ടവ, (NOTHA) എന്നിവയാണ്. ഒന്നാംവിഭാഗത്തത്തിൽ നാല് സുവിശേഷങ്ങൾ. അപ്പൊ. പ്രവൃത്തികളുടെ പുസ്തകം, പൗലോസിന്റെ ലേഖനങ്ങൾ, 1 പത്രോസ്, 1 യോഹന്നാൻ, വെളിപ്പാട് ഇവ ഉൾപ്പെടുന്നു. രണ്ടാം വിഭാഗത്തിൽ യാക്കോബ്, യൂദാ, 1,2 യോഹന്നാൽ, 2 പത്രൊാസ്, വെളിപ്പാട് (ഇവിടെയും വെളിപ്പാട് ചേർത്തിട്ടുണ്ട്) ഒരു പക്ഷെ ഒന്നാം വിഭാഗത്തിൽ അത് ചേർത്തത് മനസ്സില്ലാമനസ്സോടെയായിരിക്കാം. തള്ളപ്പെട്ടവയുടെ കൂട്ടത്തിൽ പൗലോസിന്റെ പ്രവൃത്തികൾ ഹെർമാസിലെ ഇടയൻ, പത്രൊാസിന്റെ വെളിപ്പാട്, ബർന്നബാസിന്റെ ലേഖനം, 'ഡിഡാക്കേ' എന്നിവ ചേർത്തിരുന്നു.

അടിയന്തിരമായി ശ്രദ്ധിക്കേണ്ട ഒരു വിവരം കൂടി ഇവിടെ കുറിക്കുകയാണ്. ആദിമ പിതാക്കന്മാരിൽ പലരും എബ്രായ ലേഖനം, യാക്കൊബ്, 1, 2 പത്രൊാസ്, യൂദാ, 2,3 യോഹന്നാൻ എന്നിവയുടെ എഴുത്തുകാരെപ്പറ്റി അന്തിമ തീരുമാനത്തിൽ എത്തിയിരുന്നില്ല. എബ്രായ ലേഖനത്തിന്റെ ഭാഷ പൗലോസിന്റേതിൽ നിന്നും വ്യത്യാസമുള്ളതാണെന്നും, 2 പത്രൊാസ്, 1 പത്രോസിൽ സിൽ നിന്ന് വ്യത്യാസമുള്ളതാണെന്നും യാക്കോബും യൂദായും, അപ്പൊസ്തലന്മാർ എന്ന് അവകാശപ്പെടാതെ ക്രിസ്തുവിന്റെ ദാസന്മാർ എന്നു പറയുന്നതിനാലും , 2,3 അപ്പൊസ്തലൻ എന്നു പറയാതെ മൂപ്പനായ ഞാൻ എന്നു പറയുന്നതിനാലും യൂദാ അപ്പൊക്രിഫോ പുസ്തകത്തിൽ നിന്ന് ഉദ്ധരിക്കുന്നതിനാലും ഈ ഏഴ് ഗ്രന്ഥങ്ങൾ അംഗീകാരയോഗ്യമല്ലെന്ന് പറഞ്ഞ് മാറ്റി വെച്ചിരുന്നു. അഞ്ചാം നൂറ്റാണ്ട് വരെ ഒരു അന്ത്യ തീരുമാനമുണ്ടാകാതെ കാനോൻ പ്രശ്നം തുടർന്നു.

സ്പെയിനിൽ വിസ്സിഗോസ്ത് എന്ന വിഭാഗക്കാർ ഉപയോഗിച്ചിരുന്ന ഗോഥിക് പുതിയ നിയമത്തിൽ വെളിപ്പാടു പുസ്തകം ഇല്ലായിരുന്നു. ഈ വിവർത്തനത്തിന്റെ സ്വാധീനത റ്റൊലേഡോ

കൗൺസിലിൽ (633) ഉണ്ടായിരുന്നതിനാൽ വെളിപ്പാടു പുസ്തകം വായിക്കുന്നവർ സഭയിൽ നിന്നും മുടക്കപ്പെടുമെന്ന് ഭീഷണി ഉണ്ടായി. നവീകരണ കർത്താവായ ഇറാസ്മസ് തന്റെ ഗ്രീക്ക് പുതിയ നിയമത്തിൽ ( 1516 A.D) എബ്രായ ലേഖനത്തിന്റെ ഗ്രന്ഥകർത്തൃത്വം പൗലോസിനല്ല എന്നു പറഞ്ഞു. എങ്കിലും ആ ലേഖനത്തിന്റെ അനർഘതയെ ശ്ലാഘിച്ചു. യാക്കോബിന്റെ ലേഖനം കാനോനികമാണെന്ന് പ്രഖ്യാപിച്ചു.

മാർട്ടിൻ ലൂഥർ (1483–1546) ഉപദേശപരമായി പ്രഥമ സ്ഥാനം യോഹന്നാന്റെ സുവിശേഷത്തിനും ഒന്നാം ലേഖനത്തിനും നൽകി. പൗലോസിന്റെ ലേഖനങ്ങൾക്ക് വലിയ വില കൽപിച്ചിരുന്നു. വിശേഷാൽ റോമാ ലേഖനം, ഗലാതൃലേഖനം, എഫെസ്യലേഖനം, പത്രൊസിന്റെ ഒന്നാംലേഖനം എന്നിവയ്ക്ക്. എബ്രായ ലേഖനവും യാക്കോബിന്റെ ലേഖനവും യൂദായും വെളിപ്പാടു പുസ്തകവും പ്രമുഖ ഗ്രന്ഥങ്ങൾ എന്നുള്ള പദവിയിൽ നിന്നും മാറ്റിക്കളഞ്ഞ് തന്റെ പരിഭാഷയുടെ ഒടുവിൽ ചേർത്തു. യാക്കോബിന്റെ ലേഖനത്തെ കുറിച്ച് അദ്ദേഹം മതിപ്പില്ലാതെ സംസാരിക്കുമായിരുന്നു. സുവിശേഷത്തിന്റെ സ്വഭാവം ഇല്ലാത്ത ലേഖനം എന്നു പറയുമായിരുന്നു. വെളിപ്പാടു പുസ്തകം കനോനിൽ ഉണ്ടൊ എന്ന് ബലമായി സംശയിച്ചിരുന്നു.

ജനീവയിൽ നിന്നുള്ള ജോൺ കാൽവിൻ (1509–1564 A.D) 2,3 യോഹന്നാൻ, വെളിപ്പാട് എന്നീ പുസ്തകങ്ങൾ വിട്ടു കളഞ്ഞു. എബ്രായ ലേഖനം അംഗീകരിക്കുന്നു എങ്കിലും പൗലോസ് എഴുതിയതായി കരുതുന്നില്ല. പത്രൊസിന്റെ രണ്ടാം ലേഖനം യഥാർഥത്തിൽ പത്രൊസ് അല്ല അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ എഴുതിയതാണെന്നും, എങ്കിലും വിലപ്പെട്ടതാണെന്നും വിശ്വസിക്കുന്നു”. (ദൈവശാസ്ത്രം റവ. എം.വി ചാക്കോ, പുറം 41–43, പുസ്തകത്തിെ ദൈർഘ്യം ഭയക്കുന്നതിനാൽ വിഷയപ്രാധാന്യമുള്ള ഭാഗം മാത്രമാണ് ഇവിടെ ചേർത്തിട്ടുള്ളു).

ക്രൈസ്തവ സഭാപിതാക്കന്മാരുടെ പട്ടികയിലുള്ള ഏതാണ്ട്

മുഴുവൻ പേരും യേശുവിന്റെ പ്രബോധിത സമൂഹമായ യഹൂദൻ മാരിൽ നിന്നുള്ളവരായിരുന്നില്ല. യേശുവും ശേഷം അദ്ദേഹം തെരഞ്ഞെടുത്ത അപ്പൊസ്തോലൻമാരും പ്രധാനമായി പ്രവർത്തിച്ചത് പരിച്ഛേദനക്കാരായ യഹൂദൻമാരോട് ആയിരുന്നെങ്കിലും പിൽകാലത്ത് ക്രിസ്തുമതത്തിന്റെ ദൈവശാസ്ത്രവും ബൈബിളിന്റെ ഉള്ളടക്കത്തിൽ ആവശ്യമായ പുസ്തകങ്ങളും ഒക്കെ തീരുമാനിക്കുന്നതിൽ യഹൂദൻമാർ ഇല്ലാതെ പോയതിന്റെ കാരണങ്ങൾ ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിക്കുക അസാദ്ധ്യമാണ്. 'ക്രിസ്തുമാർഗം യാഥാർഥ്യമെന്ത്' എന്ന എന്റെ മറ്റൊരു പുസ്തകത്തിൽ ഇതെല്ലാം സവിസ്തരം കുറിച്ചിട്ടുണ്ട്. ബൈബിളിന്റെ കാനോൻ തയ്യാറാക്കിയ സഭാപിതാക്കൻമാരുടെ ഇടയിൽ ഏറ്റവും സ്വീകാര്യമായിരിക്കുന്നത് പൗലോസിന്റെ ലേഖനങ്ങളും അദ്ദേഹത്തിന്റെ സഹയാത്രികരായ ലൂക്കോസിന്റെയും മാർക്കോസിന്റെയും രചനകളുമാണ്. ചുരുക്കത്തിൽ, ബൈബിളിന്റെ കാനോൻ അഥവാ പട്ടിക തയ്യാറാക്കിയ വിജാതീയ നേതാക്കൻമാരും അയോഗ്യരാണ്. അതോടൊപ്പം അവർ തെരഞ്ഞെടുത്ത പുസ്തകങ്ങളും നൂറ്റാണ്ടുകളോളം അവർക്കിടയിൽ പോലും വിവാദങ്ങൾ സൃഷ്ടിച്ചതുമാണ്.

സഭാപിതാക്കൻമാരുടെ പട്ടികയിൽ ക്രൈസ്തവർ ചേർത്തിട്ടുള്ള തെർത്തുല്യൻ, ഒറിജൻ തുടങ്ങിയ പ്രഗൽഭർ പോലും പിതാവും പുത്രനും തുല്യരാണെന്ന് സമ്മതിക്കുന്നതിൽ വിമുഖത ഉള്ളവരായിരുന്നു. പുത്രൻ ദൈവമാണെങ്കിലും പിതാവിന് തുല്യനായ ദൈവമാണെന്ന് പറയുവാൻ അവർ ധൈര്യപ്പെട്ടില്ല. ഈ വാദങ്ങൾ പിന്നീട് ബിഷപ്പ് അരിയൂസിനെ പോലുള്ളവർക്ക് യേശുവിന്റെ ദൈവത്വം നിഷേധിക്കാൻ സഹായകമായി തീർന്നു. അതിൽ നിന്നും പിന്നീട് പിറവിയെടുത്തതാണ് യഹോവ സാക്ഷികൾ പോലുള്ള വിഭാഗങ്ങൾ. സ്വന്തം ദൈവവിശ്വാസം പോലും അറിയാത്ത ഈ സഭാപിതാക്കൻമാരാണ് ക്രിസ്തുമതത്തിന്റെ പ്രമാണം എന്നത് ആരെയും ആശ്ചര്യപ്പെടുത്തുന്നതാണ്.

## പണ്ഡിതന്മാരുടെ തിരിമറികൾ

യേശുക്രിസ്തുവിന് ശേഷമുള്ള നൂറ്റാണ്ടുകളിലാണ് ത്രിയേകത്വം കണ്ടുപിടിച്ചതെങ്കിലും ഇത് തുറന്ന് സമ്മതിക്കുവാൻ ക്രൈസ്തവർക്ക് ലജ്ജയുണ്ട്. അതുകൊണ്ട് മുൻകാല പ്രവാചക ന്മാരുടെ വാക്കുകളിൽ കൃത്രിമം നടത്തി ത്രിയേകത്വത്തിനുള്ള സാധ്യത മുൻപും ഉണ്ടെന്ന് വരുത്തിത്തീർക്കാനുള്ള വിഫലശ്ര മവും അവർ നടത്തുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട രണ്ടു കൃത്രി മങ്ങൾ ശ്രദ്ധിക്കുക.

## മോശെയുടെ അദ്ധ്യാപനം അട്ടിമറിക്കുന്നു

ഏക ദൈവ വിശ്വാസത്തിന്റെ പൊൻശോഭ വിതറുന്ന മോശെ പ്രവാചകന്റെ വാക്കുകളിലാണ് ക്രൈസ്തവ പണ്ഡിതന്മാർ അഭ്യാസം കാണിച്ചത്.

> “യിസ്രയേലേ കേൾക്ക, യഹോവ നമ്മുടെ ദൈവം. അവൻ ഏകൻ തന്നെ” (ആവർത്തനം 6:4)

ദൈവം എന്നതിനുള്ള എലോഹീം, ഏകൻ എന്നതിനുള്ള എ ക്കാദ് എന്ന രണ്ടു വാക്യങ്ങളുടെ അർഥമാണ് ഇവർ അട്ടിമറിച്ചത്.

## എലോഹീം

എലോഹീം എന്ന എബ്രായ പദം ബഹുവചന രൂപത്തിലാ ണുള്ളത്. ഇത് ഒന്നിലധികം അന്യദൈവങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിച്ചിട്ടുണ്ട്. അതുകൊണ്ട് മോശെ പ്രവാചകൻ സത്യദൈവ ത്തെ കുറിച്ചുപറഞ്ഞതും ദൈവങ്ങൾ എന്ന അർഥത്തിലാണ്. ഇതാ ണ് ക്രൈസ്തവരുടെ നൂതന വാദം.

ഇത് യഹൂദ സമൂഹത്തിന് കേട്ടു കേൾവിയില്ലാത്ത വാദമാണ്. അവർ ദിനേന ചൊല്ലുന്ന പ്രാർഥനയുടെ അർഥം അവർക്ക് മനസ്സി ലായില്ല എന്നാണ് ക്രൈസ്തവർ പറയുന്നത്. സത്യദൈവത്തിന് എലോഹീം എന്ന് പറഞ്ഞത് പൂജക ബഹുവചനപ്രകാരമാണെന്ന് ഹീബ്രു പണ്ഡിതന്മാർ വ്യക്തമാക്കുന്നു. ഇത് ക്രൈസ്തവരും എഴുതിയിട്ടുള്ളത് കാണുക.

"ദൈവത്തെ കുറിക്കുന്ന എബ്രായ വാക്ക് (എലോഹിം) ബഹു വചന രൂപത്തിലാണ്. എബ്രായ പദത്തിന്റെ ബഹുവചന പ്രയോഗം അതിൽ തന്നെ ത്രിത്വത്തിന് തെളിവാകുന്നില്ല. വ്യാകരണ കർത്താക്കൾ വിളിക്കുന്ന ബഹുമതി പദത്തിന്റെ ബഹുവചന രൂപം ആയിരിക്കാം അത്. മുഖം, വെള്ളം, ആകാശം എന്നിവയ്ക്കുള്ള എബ്രായ പദങ്ങളും ബഹുവചന പ്രയോഗത്തിലാണ്". *(അപ്പം കൊണ്ട് മാത്രമല്ല, പുറം 30)*

**എക്കാദ് (ECHAD)**

ഏകൻ എന്നു പറയുവാൻ എബ്രായ ഭാഷയിൽ രണ്ട് പദമുണ്ട്. യാക്കീദ്, എക്കാദ് എന്നിവയാണ് ആ രണ്ടു പദങ്ങൾ. ദൈവം ഏകൻ എന്ന് പറഞ്ഞ വാചകത്തിൽ എക്കാദ് എന്ന പദമാണ് ഉള്ളത്. ഇത് ത്രീയേകത്വ വാദികളെ വല്ലാതെ സന്തോഷിപ്പിച്ചു. അവർ ഈ എബ്രായ പദങ്ങളുടെ പേരിൽ പല നുണകൾ മെനഞ്ഞെടുത്തു. യാക്കീദ് എന്നാൽ തികച്ചും ഒന്ന് എന്നും എക്കാദ് എന്നാൽ പലത് ചേർന്ന ഒന്നും എന്നാണത്രേ അർഥം. അതുകൊണ്ട് ദൈവം ഏകൻ എന്നാൽ ദൈവങ്ങൾ ഒരു സമൂഹം എന്നാണത്രേ.

വാസ്തവത്തിൽ, എക്കാദ് എന്ന പദം പലത് കൂടിയ ഒന്നിന് മാത്രം ഉപയോഗിക്കുന്ന പദമല്ല. ഒന്ന് എന്നർഥം മാത്രമാണ് അതിനുള്ളത്. തികച്ചും ഒന്ന് എന്ന അർഥത്തിലും, പലത് കൂടിയ ഒന്ന് എന്ന അർഥത്തിലും ഇവ ഉപയോഗിക്കാം. മലയാള ഭാഷയിൽ ഒന്ന്, ഒരു എന്നതുപോലെ ഇംഗ്ലീഷിൽ one എന്നു പറയുമ്പോലെ മാത്രമേ എബ്രായ ഭാഷയിൽ എക്കാദ് എന്ന പദത്തിനും അർഥമുള്ളു. ഒരു വ്യക്തി എന്നും ഒരു കൂട്ടം വ്യക്തികൾ എന്നും പറയുവാൻ നമ്മൾ ഒരു എന്ന് ഉപയോഗിക്കാറുണ്ട് അതേപോലെ one man എന്നും one team എന്നും ഇംഗ്ലീഷിൽ ഉപയോഗിക്കാറുണ്ട്. ഏതെന്നൊന്നിനെ കുറിച്ചാണോ പറഞ്ഞത് അതിന്റെ അടിസ്ഥാനത്തിലാണ് ഈ പദത്തിന് കേലവം ഒന്ന് എന്നും അല്ലെങ്കിൽ പലതു കൂടി ഒന്ന് എന്നും അർഥം പറയുവാൻ സാധിക്കുകയുള്ളു. സത്യ ദൈവത്തെ കുറിച്ച് മോശെ പ്രവാചകൻ എക്കാദ് എന്ന് പറഞ്ഞ

പ്പോൾ തികച്ചും ഏകനായ ദൈവം എന്നാണ് അവർ മനസ്സിലാക്കിയത്. എന്നാൽ ഇവർക്ക് മോശെ പറഞ്ഞത് മനസ്സിലായില്ല കാരണം എക്കാദ് എന്നാൽ ബഹുത്വമുള്ള ഏകത്വം എന്നു മാത്രമേ അർഥമുള്ളു എന്നാണ് ഇവർ പറയുന്നത്. ഇങ്ങനെ പ്രചരിപ്പിച്ച ചില പണ്ഡിതന്മാരുടെ പേരുകൾ താഴെ നൽകുന്നു.

| പുസ്തകം | ഗ്രന്ഥകാരൻ |
|---|---|
| 1. ദൈവശാസ്ത്രം<br>പുറം 126 | എം.വി ചാക്കോ |
| 2. യേശു ദൈവമോ മനുഷ്യനോ<br>പുറം 126 | ചെറിയാൻ കോതകേരി |
| 3. പിതാവ് പുത്രനോട് സമനോ സാമ്യനോ<br>പുറം 121 | റെജി ഈട്ടിമൂട്ടിൽ |
| 4. ത്രീയേക ദൈവം<br>പുറം 215 | എസ്.ജി ഗിൽബർട്ട്, |
| 5. ക്രിസ്ത്യൻ അപ്പോളജറ്റിസം<br>പുറം 465 | ഡോ. ജോൺസൺ.സി ഫിലിപ്പ് |
| 6. Trinity a Brief Study<br>വെബ്സൈറ്റ് | സാക്ഷി അപ്പോളജറ്റിക്സ് |

ത്രീയേകത്വം സ്ഥാപിക്കാനായി ഗ്രന്ഥം രചിച്ച ചെറിയാൻ കോതകേരി, റെജി ഈട്ടിമൂട്ടിൽ, S.G Gilbert, ഡോ. ജോൺസൺ.സി ഫിലിപ്പ്, സാക്ഷി അപ്പോളജറ്റിക്സ് തുടങ്ങിയവരെല്ലാം ഈ നുണ പ്രചരിപ്പിക്കുന്നുണ്ട്. വാസ്തവത്തിൽ ഏക്കാദ് എന്ന പദം തികച്ചും ഒന്ന് എന്നർഥത്തിൽ ഉപയോഗിക്കുന്നതിന് ധാരാളം തെളിവുകൾ ബൈബിളിൽ തന്നെ കാണാം.

* ആകാശത്തിന് കീഴിലുള്ള വെള്ളം <u>ഒരു</u> സ്ഥലത്ത് കൂടി ചേരട്ടെ (ഉൽപത്തി 1:9)
* അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലുകളിൽ <u>ഒന്ന്</u> എ

ടുത്തു (ഉൽപത്തി 2:21)

* നമ്മിൽ ഒരുവനെ പോലെ ആയി തീർന്നു. (ഉൽപത്തി 1:9)
* ഞങ്ങളെല്ലാവരം ഒരാളിന്റെ പുത്രന്മാരാണ്. ഉൽപത്തി 42:13)
* സന്ധ്യയായി, ഉഷസായി ഒന്നാം ദിവസം (ഉൽപത്തി 1:5)
* ഏകനായിരുന്ന അവസ്ഥയിൽ ഞാൻ അവനെ വിളിക്കുകയും (യെശയ്യാവ് 51:2)
* ഞാൻ ഈ ദേശത്തിന്റെ പാപം ഒറ്റ ദിവസം കൊണ്ട് നീക്കികളയും. (സഖര്യാവ് 3:9)
* തന്റെ ദാസനായ മോശെ മുഖാന്തിരം അവിടുന്ന് നൽകിയ നല്ല വാഗ്ദാനങ്ങളിൽ ഒരു വാക്കുപോലും നിഷ്ഫലമായിട്ടില്ലല്ലോ. (1. രാജാ. 8:56)
* അവർക്ക് എല്ലാവർക്കും ഒരു രാജാവും ഉണ്ടാകും (യെഹസ്ക്കേൽ 37:22)
* എന്നാൽ എന്റെ പ്രാവ്, എന്റെ സമ്പൂർണ ആയവൾ ഒരുവൾ മാത്രം (ഉത്തമഗീതം 6:9)
* യിസ്രയേല്യരുടെ മൃഗങ്ങളിൽ ഒന്ന് പോലും ചത്തില്ല എന്ന് ഫറവോൻ ആളയച്ച് മനസ്സിലാക്കി (പുറപ്പാട് 9:7)
* അവരിൽ ഒരാൾപോലും ശേഷിച്ചിട്ടില്ല എന്ന ഒരു വാർത്ത ദാവീദിന് ലഭിച്ചു. (2. സാമുവേൽ 13:30)
* ദാവീദോ അവന്റെ കൂടെയുള്ള ഒരാളോ ജീവനോടെ ശേഷിക്കുകയില്ല (സാമുവൽ 17:12)
* ഏകാകിയായ ഒരു മനുഷ്യൻ. അവനു മകനോ സഹോദരനോ ആരും തന്നെ ഇല്ലായിരുന്നു. (സഭാപ്രസംഗി 4:8)

ഇങ്ങനെ ബൈബിളിൽ നിരവധി ഭാഗത്ത് തികച്ചും ഒന്ന് എന്നർഥത്തിൽ എക്കാദ് ഉപയോഗിച്ചിരിക്കുന്നു. എന്നാലും യാതൊരു ലജ്ജയുമില്ലാതെ എക്കാദ് എന്നാൽ ബഹത്വമുള്ള ഏകത്വം (Plural unity) എന്ന് പ്രസംഗിക്കാനോ എഴുതാനോ, ഇവർക്ക്

യാതൊരു മടിയുമില്ല. ഈക്കാര്യം ജി. സുശീലൻ എന്ന ക്രൈസ്തവ പണ്ഡിതൻ തുറന്ന് സമ്മതിക്കുന്നു.

> "ഒന്ന് എന്ന അക്കത്തിന്റെ പ്രകൃതി നോക്കുമ്പോൾ കേവല മായ ഒന്നിനും, അനേകത്തെ ഉൾക്കൊള്ളുന്ന സംയുക്തമായ ഏകത്വത്തിനും അത് ഉപയോഗിക്കാമെന്ന് കാണാവുന്നതാണ്. തൻമൂലം ബഹുത്വത്തെ ഉൾക്കൊള്ളുന്ന ഏകത്വമാണ് എ ക്കാദിലുള്ളതെന്ന് പറയുന്നത് എല്ലായ്പ്പോഴും ശരിയായി കൊള്ളണമെന്നില്ല". *(ദൈവശാസ്ത്രം, ജി. സുശീലൻ, പുറം 159)*

## യേശുവിന്റെ വാക്കിലും തിരിമറി

മോശെയുടെ ന്യായപ്രമാണത്തിൽ പാണ്ഡിത്യമുള്ള ശാസ്ത്രി, എറ്റവും മുഖ്യമായ കൽപന ഏതെന്ന് യേശുവിനോട് ചോദിക്കുന്ന സന്ദർഭം സുവിശേഷ വിവരണങ്ങളിൽ കാണാം. അതിന് യേശു പറഞ്ഞു. "യിസ്രയേലേ കേൾക്കുക, നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്". (മർക്കോസ്. 12:28-32)

ഈ വാക്യത്തിലുള്ള ഏകൻ എന്ന പദവും മിഷണറിമാർ വെറുതെ വിട്ടില്ല. Heis എന്ന ഗ്രീക്ക് പദമാണ് ഇവിടെ ഉപയോഗി ച്ചതെന്നും ഇത് എബ്രായ പദമായ 'Echad' -നെ പോലെ ബഹുത്വമുമള്ള ഏകത്വം ആണെന്നുമാണ് അവരുടെ വാദം. (സാക്ഷി അപ്പോളജറ്റിക്സിന്റെ എറണാകുളം പ്രോഗ്രാം) വാസ്തവത്തിൽ, ഏക്കാദിന്റെ കാര്യത്തിലെന്ന പോലെ, Heis ഉം ഒന്ന് എന്ന് മാത്രമേ അർഥമുള്ളു. അത് തികച്ചും ഏകനായ ഒന്നിനെ കുറിക്കാനും ഉപയോഗിച്ചതിന്റെ തെളിവുകൾ ബൈബിൾ പുതിയ നിയമത്തിൽ ധാരാളമുണ്ട്.

തന്റെ മക്കളായ യോഹന്നാനെയും യാക്കോബിനെയും ഇടതും വലതും ഇരുത്തണമെന്ന് യേശുവിനോട് അഭ്യർഥിക്കുന്ന സന്ദർഭത്തിൽ ഒരു മകനെ ഇടത്തും ഒരു മകനെ വലത്തും എന്നു പറഞ്ഞതിലെ ഒരു എന്ന പ്രയോഗത്തിന് Heis തന്നെയാണ് ഉപോഗിച്ചത്. ഇവിടെ Heis എന്ന ഗ്രീക്ക് പദത്തിന് ബഹത്വമുള്ള

ഏകത്വം എന്നർഥം വരുമെന്ന് സാമാന്യ ബുദ്ധിയുള്ള ആരും അവകാശപ്പെടുകയില്ല. ഇതുപോലെ ധാരാളം ഉദാഹരണങ്ങൾ ബൈബിളിൽ നിന്നും കാണിക്കാൻ സാധിക്കും.

ചുരുക്കത്തിൽ മോശെ പ്രവാചകനും യേശുക്രിസ്തുവും ഒരു ദൈവത്തെ സൂചിപ്പിക്കുവാൻ പറഞ്ഞ വചനത്തെ അട്ടിമറിച്ച് ഒരു കൂട്ടം ദൈവത്തെ സ്ഥാപിക്കുവാനുള്ള ഇവരുടെ ധൈര്യം അപാരം തന്നെയാണ്. മോശെയുടെ വാക്കുകൾ കേട്ട യഹൂദജനവും യേശുവിന്റെ വാക്കു കേട്ട ശാസ്ത്രിയും ദൈവം ഒരുവനാണെന്ന് മനസിലാക്കി. ഗുരോ, നീ പറഞ്ഞത് സത്യം തന്നെ, ഒരുവനേയുള്ളു, അവനല്ലാതെ മറ്റൊരുത്തനില്ല എന്ന് ശാസ്ത്രി യേശുവിന്റെ മുമ്പാകെ പറഞ്ഞപ്പോൾ, അദ്ദേഹം അഭിനന്ദിക്കുകയും നീ സ്വർഗരാജ്യത്തിന്നോട് ഒട്ടും അകന്നവനല്ല എന്ന് സന്തോഷിപ്പിക്കുകയുമാണ് ചെയ്തത്.

പക്ഷേ, ദുർവ്യാഖ്യാനത്തിൽ ബിരുദാനന്തര ബിരുദം നേടിയ ക്രൈസ്തവ പണ്ഡിതന്മാർ ഈ പ്രധാന കൽപനക്ക് നൽകിയ അർഥം ഇങ്ങനെ വരും "യിസ്രയേലേ കേൾക്ക, യഹോവമാർ നമ്മുടെ ദൈവങ്ങൾ അവർ ഒരു കൂട്ടം തന്നെ".

> യഹോവമാർ എന്ന് ഞാൻ എഴുതിയതും ബോധപൂർവമാണ്. കാരണം പിതാവ് യഹോവയാണ്, പുത്രനും യോഹവയാണ് പരിശുദ്ധാത്മാവും യഹോവയാണ്, പക്ഷേ, പിതാവല്ല, പുത്രൻ, പുത്രനല്ല പരിശുദ്ധാത്മാവ്, പരിശുദ്ധാത്മാവല്ല പിതാവ്. *(സാക്ഷി വെബ്സൈറ്റ്)*
>
> ഇവർ ഒരേ സമയം വ്യത്യസ്ത ജോലി ചെയ്യും. ചിലപ്പോൾ ഇവരിൽ ഒരാൾ തുടങ്ങും മറ്റുള്ളവർ പിന്തുണക്കും. ഇവർ തമ്മിൽ മത്സരമോ, ആശയക്കുഴപ്പമോ, വൈരുദ്ധ്യമോ ഒന്നും ഇല്ലത്രേ *( എസ്.ജി ഗിൽബർട്ട്, ത്രീയേക ദൈവം, സാക്ഷി വെബ്സൈറ്റ്)*

***

# 7

# പരിശുദ്ധ ക്വുർആനും ത്രീയേകത്വവും

**യേ**ശുക്രിസ്തുവിന്റെ വാക്കുകളെ പരിഗണിക്കാതെ ത്രീയേകത്വത്തിന്റെ പോരായ്മ പരിഹരിക്കുവാനുള്ള മിനുക്കു പണികളിൽ ക്രൈസ്തവ ലോകം വ്യാപൃതരായിരിക്കേ, ആകാശ ലോകത്തു നിന്നും ശക്തമായ താക്കീതുമായി അറേബ്യൻ മരുഭൂമിയിൽ മുഹമ്മദ്ﷺ എന്ന പ്രവാചകൻ നിയുക്തനായി. എല്ലാ പ്രവാചകൻമാരുടെയും അദ്ധ്യാപനത്തിന്റെയും കാതൽ ഏകദൈവ വിശ്വാസമാണെന്ന് അദ്ദേഹം പഠിപ്പിച്ചു. അദ്ദേഹത്തിലൂടെ അവതരിച്ച പരിശുദ്ധ ക്വുർആൻ മറിയത്തിന്റെ മകനായ യേശു മിശിഹായുടെ അദ്ധ്യാപനം ത്രീയേകത്വമല്ലെന്ന് ഓർമപ്പെടുത്തി.

'മർയമിന്റെ മകൻ മസീഹ് തന്നെയെന്ന് അല്ലാഹു എന്ന് പറഞ്ഞവർ അവിശ്വാസികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞത്; ഇസ്രയേൽ മക്കളെ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിനെ മാത്രം നിങ്ങൾ ആരാധിക്കുവിൻ, അല്ലാഹുവിനോട് വല്ലവരേയും പങ്കു ചേർന്ന പക്ഷം തീർച്ചയായും അല്ലാഹു അവന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായിയായി ആരും തന്നെയില്ല എന്നാണ്." (ക്വുർആൻ 5:72).

ക്വുർആനിന്റെ ഈ വാക്യത്തിന് ഉപോത്ബലകമായ ധാരാളം ഉദ്ധരണികൾ ബൈബിളിൽ നിറഞ്ഞ് കിടപ്പുണ്ട്.

* ഏകസത്യ ദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശു ക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ ആകുന്നു. (യോഹ. 17:4)

* എനിക്കു സ്വതേ ഒന്നും ചെയ്‌വാൻ കഴിയുന്നതല്ല; ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു; ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാൻ ഇച്ഛിക്കുന്നതുകൊണ്ടു എന്റെ വിധി നീതിയുള്ളതുമാകുന്നു (ജോൺ. 5:30)

* ആ നാളും നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ ആരും, സ്വർഗത്തിലെ ദൂതന്മാരും, പുത്രനും കൂടെ അറിയുന്നില്ല (മർക്കോ. 13:32)

* "മനുഷ്യർ കാണേണ്ടതിന്നു നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ, അല്ലാഞ്ഞാൽ സ്വർഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്കു പ്രതിഫലമില്ല"...

* നീയോ ഭിക്ഷ കൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കേണ്ടതിനു വലങ്കൈ ചെയ്യുന്നതു ഇടങ്കൈ അറിയരുത്. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും...

* നീയോ പ്രാർഥിക്കുമ്പോൾ അറയിൽ കടന്നു അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവും നിനക്കു പ്രതിഫലം തരും...

* നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോടു പിഴകളെ ക്ഷമിക്കാഞ്ഞാലോ

നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല.

* എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവർ ഏവനുമല്ല, സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീരപ്രവർത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമം പ്രവർത്തിക്കുന്നവരെ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും (മത്തായി . 7:21-23)

* സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്ക്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്നു പിതാവു ഇച്ഛിക്കുന്നു. (യോഹ. 4:21,23)

* "ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തിയാൽ എന്റെ മഹത്വം ഏതുമില്ല. എന്നെ മഹത്വപ്പെടുത്തുന്നതു എന്റെ പിതാവാകുന്നു. അവനെ നിങ്ങളുടെ ദൈവം എന്നു നിങ്ങൾ പറയുന്നു". (യോഹ. 8:54,55)

* പിതാവു എന്നെക്കാൾ വലിയവനല്ലോ (യോഹ. 14:28)

**പ്രാർഥനാനിരതനായ യേശു**

* അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ടു പ്രാർഥിപ്പാൻ തനിയെ മലയിൽ കയറിപ്പോയി; വൈകുന്നേരം ആയപ്പോൾ ഏകനായി അവിടെ ഇരുന്നു. (മത്തായി.14:23)

* അവൻ കൈവച്ചു പ്രാർഥിക്കേണ്ടതിന്നു ചിലർ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടു വന്നു. (മത്തായി. 19:13)

* ജനം എല്ലാം സ്നാനം ഏൽക്കുകയിൽ യേശുവും സ്നാനം ഏറ്റു പ്രാർഥിക്കുമ്പോൾ സ്വർഗം തുറന്നു (ലൂക്ക. 3:21, 22, 23)

* പുരുഷാരം വചനം കേൾക്കേണ്ടതിന്നും തങ്ങളുടെ വ്യാധികൾക്കു സൗഖ്യം കിട്ടേണ്ടതിന്നും കൂടി വന്നു. അവനോ നിർജ്ജനദേശത്തു വാങ്ങിപ്പോയി പ്രാർഥിച്ചു കൊണ്ടിരുന്നു. (ലൂക്ക. 5:15-17)

* ആ കാലത്തു അവൻ പ്രാർഥിക്കേണ്ടതിന്നു ഒരു മലയിൽ ചെന്നു ദൈവത്തോടുള്ള പ്രാർഥനയിൽ രാത്രി കഴിച്ചു. നേരം വെളുത്തപ്പോൾ അവൻ ശിഷ്യന്മാരെ അടുക്കെ വിളിച്ചു, അവരിൽ പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തു. അവർക്കു അപ്പൊസ്തലന്മാർ എന്നും പേർ വിളിച്ചു (ലൂക്ക. 6:12,13)

* "പിതാവേ സ്വർഗത്തിന്നും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇവ ജ്ഞാനികൾക്കും വിവേകികൾക്കും മറെച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതു കൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ, പിതാവേ, ഇങ്ങനെ നിനക്കു പ്രസാദം തോന്നിയല്ലോ". (ലൂക്ക. 10:21)

* യേശു അവരോടു: ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും ചാർച്ചക്കാരുടെ ഇടയിലും സ്വന്ത ഭവനത്തിലും അല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല എന്നു പറഞ്ഞു (മർക്കോ. 6:4) (ലൂക്ക. 4:24)

ത്രീയേകത്വത്തിലെ മൂന്ന് തുല്യരായ വ്യക്തികളെ പരാമർശിച്ച് കൊണ്ട് ഖുർആൻ പറയുന്നു.

"അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളാണ്. ഏക ആരാധ്യനല്ലാതെ യാതൊരു ആരാധ്യനും ഇല്ല തന്നെ. അവർ ആ പറയുന്നതിൽ നിന്നും വിരമിച്ചില്ലെങ്കിൽ അവരിൽ നിന്ന്, അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും.

ആകയാൽ അവർ അല്ലാഹുവിനോട് ഖേദിച്ച് മടങ്ങുകയും അവനോട് പാപമോചനം തേടുകയും ചെയ്യുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രേ.” (5:73, 74)

ഏകനായ ദൈവത്തിലേക്ക് പുതിയ രണ്ട് അംഗങ്ങളെ രഹസ്യമായി പ്രവേശിപ്പിച്ച് ത്രീയേകത്വം സൃഷ്ടിച്ചവർക്ക് ലഭിച്ച വലിയ പ്രഹരമാണ് ഈ സൂക്തങ്ങൾ. അല്ലാഹു മൂവരിൽ ഒരാളാണ് അഥവാ ദൈവത്തിന് തുല്യരായ രണ്ട് പങ്കാളികളുണ്ടെന്ന് പറഞ്ഞവർ അവിശ്വാസികളാണ്. ഈ വാദം ഉപേക്ഷിച്ചില്ലെങ്കിൽ ഇവരെ കാത്തിരിക്കുന്നത് വേദനയേറിയ ശിക്ഷയാണെന്ന് ക്വുർആൻ മുന്നറിയിപ്പ് നൽകുന്നു. എന്നാൽ ആരെങ്കിലും ഈ യാഥാർഥ്യം ഉൾകൊണ്ട് പശ്ചാത്തപിച്ചാൽ അല്ലാഹു അവന് പൊറുത്ത് കൊടുക്കുമെന്നും വാഗ്ദാനം ചെയ്യുന്നു. മഹാനായ യേശുക്രിസ്തുവിലൂടെ ദൈവം പഠിപ്പിച്ച കാര്യങ്ങൾക്ക് വിരുദ്ധമായി പണ്ഡിതന്മാരും പുരോഹിതനമാരും സ്വയമായി പലതു രൂപപ്പെടുത്തിയപ്പോൾ അവയൊന്നും പരിശോധിക്കാതെ നിരുപാധികം സ്വീകരിച്ച അനുയായികളുടെ മനോഭാവത്തെയും മറ്റൊരു വാക്യത്തിൽ ക്വുർആൻ വിമർശിക്കുന്നു.

“അവരുടെ പണ്ഡിതന്മാരേയും പുരോഹതിന്മാരെയും മർയമിന്റെ മകനായ മസീഹിനേയും അല്ലാഹുവിന് പുറമെ അവർ രക്ഷിതാക്കളായി സ്വീകരിച്ചു. എന്നാൽ ഏകദൈവത്തെ ആരാധിക്കാൻ മാത്രമായിരുന്നു അവർ കൽപിക്കപ്പെട്ടിരുന്നത്. അവർ അല്ലാതെ യാതൊരു ദൈവവുമില്ല അവർ പങ്കചേർക്കുന്നതിൽ നിന്ന് അവർ എത്രയോ പരിശുദ്ധൻ”(ക്വുർആൻ 9:31).

ഒരിക്കൽ ഈ വാക്യം പ്രവാചകൻﷺ ഓതുന്നത് കേട്ടപ്പോൾ അദിയ്യ് ബ്നു ഹാതിം(റ) പറഞ്ഞു. അവർ പണ്ഡിതന്മാരേയും പുരോഹതിന്മാരെയും ആരാധിക്കുന്നില്ലല്ലോ. അപ്പോൾ പ്രവാചകൻﷺ പറഞ്ഞു അല്ല അവർ ചെയ്യുന്നുണ്ട്.

ദൈവം നിരോധിച്ചതിനെ പണ്ഡിതന്മാരും പുരോഹതിന്മാരും അനുവദിച്ചപ്പോൾ അവർ അതിനെ അനുവദനീയമായി കണ്ടു. ദൈവം അനുവദിച്ചതിനെ അവർ നിരോധിച്ചപ്പോൾ അവർ അത് നിരോധിക്കപ്പെട്ടവയായി കണ്ടു. അങ്ങനെയാണ് അവർ (യഹൂദരും, ക്രൈസ്തവരും) പണ്ഡിതന്മാരെയും പുരോഹിതന്മാരെയും രക്ഷിതാക്കളായി സ്വീകരിച്ചത് (അഹമദ്, തിർമുദി).

**അവസാനമായി ...**

എന്റെ സ്നേഹം നിറഞ്ഞ ക്രൈസ്തവ സുഹൃത്തുക്കളേ, ഞാൻ ഈ പറഞ്ഞ കാര്യങ്ങൾ വസ്തുത ആണെന്ന് ബോദ്ധ്യപ്പെട്ടാൽ നിങ്ങൾ തെറ്റായ വിശ്വാസം ഉപേക്ഷിച്ച് സത്യത്തിന്റെ പാതയിലേക്ക് കടന്നുവരണമെന്ന് അപേക്ഷിക്കുകയാണ്. അതോടൊപ്പം ഞാൻ ഈ ചെറിയ പുസ്തകത്തിന്റെ പരിമിതിക്കുള്ളിൽ നിന്ന് അവതരിപ്പിച്ച കാര്യങ്ങളിൽ ഏതെങ്കിലും വിഷയത്തിൽ വിശദീകരണമോ ഞാൻ ഉദ്ധരിച്ച പുസ്തകമോ ആവശ്യമെങ്കിൽ, തീർച്ചയായും നിങ്ങൾക്ക് എന്നെ സമീപിക്കാവുന്നതാണ്. ത്രീയേകത്വത്തെ സംബന്ധിച്ച് സംശയം തോന്നാത്തവരായി ആരും തന്നെ ഉണ്ടാവുകയില്ല. എന്നാൽ അത് പഠിക്കാനും മനസ്സിലാക്കാനുമുള്ള സാഹചര്യം തീരെയുമില്ല എന്നതാണ് സത്യം. സാധാരണക്കാർ അഭിമുഖീകരിക്കുന്ന ഈ പ്രശ്നത്തെ പരിഹരിക്കുകയും പണ്ഡിത ഗ്രന്ഥങ്ങളിലുള്ള കഠിനമായ ഭാഷാ പ്രയോഗങ്ങളെ ലഘൂകരിച്ച് പഠനം എളുപ്പമാക്കുക എന്നതാണ് ഈ പുസ്തകത്തിലൂടെ ലക്ഷ്യം വക്കുന്നത്. ഇത് നല്ല രീതിയിൽ പ്രയോജനപ്പെടുത്തി ഇരുലോകത്തെ ജീവിതം വിജയപ്രദമാക്കണമെന്ന് സ്നേഹപൂർവം ഉണർത്തുകയാണ്.

ഒരുവിഷയത്തിൽ നിങ്ങൾ ജാഗ്രത പുലർത്തണമെന്ന് ഞാൻ ഓർമിപ്പിക്കുന്നു. പണ്ട് യഹൂദ ജനത്തിന് സൻമാർഗവുമായി വന്ന യേശുക്രിസ്തുവിനെ ഉപദ്രവിക്കുവാൻ പുരോഹിതൻമാർ ഉപയോഗിച്ചത് സാധാരണക്കാരായ യഹൂദ ജനത്തെ തന്നെ

യായിരുന്നു. തങ്ങളെ അന്ധമായി വിശ്വസിക്കുന്ന അനുയായികളെ പ്രലോഭിപ്പിച്ചും തെറ്റിദ്ധരിപ്പിച്ചും പുരോഹിതൻമാർ തങ്ങളുടെ ലക്ഷ്യപൂർത്തീകരണത്തിന് ചട്ടുകമായി ഉപയോഗിക്കാറുണ്ട്. അതിൽ നമ്മൾ അകപ്പെട്ടു പോയാൽ പിന്നീട് ന്യായ വിസ്താര സ്ഥലത്ത് വിരലു കടിക്കേണ്ട അവസ്ഥയാവും വന്നു ഭവിക്കുക. അതുകൊണ്ട് സൂക്ഷ്മശാലികളും വിവേകമുള്ളവരും ആകുക. നമ്മളെ വഞ്ചിക്കുവാൻ ആരെയും അനുവദിക്കരുത്. തുറന്ന മനസ്സോടെ പഠിക്കുക. സർവ ലോക രക്ഷിതാവ് ഏവരെയും സൻമാർഗത്തിലേക്ക് നയിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

*റഫൻസ് ഗ്രന്ഥങ്ങൾ*


1. *പരിശുദ്ധ ത്രിത്വം - ഈ പുസ്തകം തലശ്ശേരി അതിരൂപതദയുടെ കീഴിൽ പ്രവർത്തിക്കുന്ന ആൽഫാ ബൈബിൾ ഇൻസ്റ്റിട്യൂട്ട് അവരുടെ വിദ്യാർഥികൾക്ക് സെമിനാരിയിൽ പഠിക്കുവാനായി പ്രസിദ്ധീകരിച്ച പുസ്തകമാണ്. ഫാ. ജോസഫ് പാംപ്ലനിയാണ് ഈ സെമിനാരിയുടെ ഡയറക്ടർ*
2. *ദൈവശാസ്ത്രം - എം.വി ചാക്കോ*
3. *വ്യവസ്ഥിത ദൈവശാസ്ത്രം, ജി.എസ് സുശീലൻ*
4. *ത്രീയേകദൈവം - എസ്.ജി ഗിൽബർട്ട് (അവതാരിക - തിരുവട്ടാർ കൃഷ്ണൻകുട്ടി)*
5. *യേശു ദൈവമോ മനുഷ്യനോ - ചെറിയാൻ കോതകേരി (അവതാരിക - പ്രൊഫ. ഏഴംകുളം സാംകുട്ടി)*
6. *ക്രിസ്ത്യൻ അപ്പോളജറ്റിക്സ് - ഡോ. ജോൺസൺ സി. ഫിലിപ്പ്*
7. *പുത്രൻ പിതാവിനോട് സമനോ സാമ്യനോ (അവതാരിക - ഡോ. ഒ.എം. സാമുവൽ, എം.എം. സക്കറിയ, സി.വി വടവന, പി.എസ് തമ്പാൻ, കുഞ്ഞുമോൻ തോട്ടപ്പിള്ളി, ജെയിംസ് തെങ്ങിൽ)*
8. *സാക്ഷി അപ്പോളജറ്റിക്സ് വെബ്സൈറ്റ്*
9. *അപ്പംകൊണ്ടു മാത്രമല്ല - ക്രിസ്ത്യൻ മിഷൻ സൊസൈറ്റി*
10. *പുതിയ നിയമ വ്യാഖ്യാനം - ടോം ഹെയ്ൽ*
11. *The Perfect Community - Leonardo Boff*

## സത്യത്തിൻെറ വിളക്കുമാടം

മുഴുവൻ മനുഷ്യരുടെയും നന്മക്കും
ഇഹലോകത്തെയും പരലോകത്തെയും വിജയത്തിനുമായി
പ്രപഞ്ചനാഥൻ നൽകിയ സന്ദേശമാണ് ഇസ്‌ലാം.
ഇത് പിന്തുടരേണ്ടത് മനുഷ്യരുടെ ബാധ്യതയാണ്.
രക്ഷയിലേക്കും സമാധാനത്തിലേക്കും
ശാന്തിയിലേക്കുമാണത് ക്ഷണിക്കുന്നത്.
പരലോക വിജയമാണതിൻെറ ലക്ഷ്യം.
അതിനായി,
ഏകനായ അല്ലാഹുവെ മാത്രം ആരാധിക്കുക
അവൻ മുഹമ്മദ് നബിﷺയിലൂടെ നൽകിയ സന്ദേശം
പിന്തുടരുക.
ഈ സത്യത്തിലേക്ക് എല്ലാവരെയും ക്ഷണിക്കുന്നു.
ബന്ധപ്പെടുക:


NICHE OF TRUTH

P.B. No: 832, Poothole, Thrissur-4.

Tel: +91 9746547777

Email:dawa@nicheoftruth.org

www.nicheoftruth.org